ഏപ്രിൽ 10 2017
വാല്യം 10
ലക്കം 07
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ദൈവവചനത്തിലേക്ക് മടങ്ങി വരിക: പാസ്റ്റർ കെ. ജെ മാത്യു



സെമിനാറിൽ പാസ്റ്റർ കെ. ജെ. മാത്യു പ്രസംഗിക്കുന്നു. പാസ്റ്റേഴ്സ് സാംകുട്ടി മാത്യു, ജെ. ജോസഫ്, ഷിബു കെ. മാത്യു, റവ. സി. സി. തോമസ്, പി. ജി. മാത്യൂസ്, റവ. കെ. സി. സണ്ണിക്കുട്ടി, പി. പി. കുര്യൻ എന്നിവർ സമീപം

**കോട്ടയം:** ദൈവജനം വചന നിശ്ചയമുള്ളവരായി മാറിയാൽ മാത്രമേ കാലഘട്ടത്തിൽ നേരിടുന്ന ന്യൂജനറേഷൻ വെല്ലുവിളികളും വചനവിരുദ്ധമായ പ്രവണതകളേയും നേരിടുവാൻ സഭയ്ക്ക് സാദ്ധ്യമാകു എന്ന് പാസ്റ്റർ കെ. ജെ മാത്യു പ്രസ്താവിച്ചു. ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ കോട്ടയം പാക്കിൽ പ്രത്യാശ നഗറിൽ നടന്ന “ന്യൂജനറേഷൻ പ്രവണതകളും വേദപുസ്തക ഉപദേശവും” എന്ന സെമിനാറിൽ പ്രബന്ധാവതരണം നടത്തുക ആയിരുന്നു അദ്ദേഹം. വലിയ പ്രതിസന്ധിയും വെല്ലുവിളിയുമാണ് ഇന്ന് നവപെന്തെക്കോസ്ത് സഭകളിൽ നിന്ന് മുഖ്യധാര പെന്തെക്കോസ്ത് സഭകൾ നേരിടുന്നത്. അതിനെ അതിജീവിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. 1970–ൽ ആരംഭിച്ച വൈൻയാർഡ് മൂവ്മെന്റിലൂടെയാണ് ക്ലാസ്സിക്കൽ പെന്തെക്കോസ്തലിസത്തിൽ നിന്നും ന്യൂജനറേഷൻ പെന്തെക്കോസത്തിലേക്ക് സമൂഹം വഴിമാറിയത്. ഉപദേശ വിഷങ്ങളിൽ അയവ് വരുത്തി നവപെന്തെക്കോസ്ത് ഉപദേശങ്ങളെ വളർത്തുവാൻ ശ്രമിക്കുന്നവർ ഇന്നിന്റെ ശാപമാണ് എന്നും, ജനത്തെ വഞ്ചിക്കുന്ന ഇത്തരം ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളിൽ നിന്നും സഭയെ രക്ഷിക്കുവാൻ 1 തിമഥിയോസ് 6:3 മുതൽ 13 വരെ 2 തിമഥിയോസ് 4: 3 മുതൽ 5 വരെ എന്നി വാക്യങ്ങളെ അടിസ്ഥാനമാക്കി പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണ രസമാകുമാറു സ്വന്തമോഹങ്ങൾക്ക് അനുസരിച്ച് ഉപദേഷ്ടാക്കന്മാരെ പെരുക്കുന്ന സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥ കേൾക്കുവാൻ ആഗ്രഹിക്കുന്നതിനെ നാം ചെറുക്കണം. പലപ്പോഴും യഥാസ്ഥിതിക പെന്തെക്കോസ്തർ പരാജയപ്പെട്ടതാണ് ഇത്തരം നവപ്രവണതകൾ നമ്മുടെ

06

## ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി ഗ്രാഡുവേഷൻ



**കുമ്പനാട്:** ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി 2017 ലെ ഗ്രാഡുവേഷൻ മാർച്ച് 16 വ്യാഴാഴ്ച 2 മണിക്ക് കോഴിമല ഐ.ജി.ഒ. ക്യാമ്പസിൽ നടന്നു.

M.Th, M.Div, B.Th, Dip.Th, C.Th കോഴ്സുകളിലായി 97 യുവതീയുവാക്കൾ ഈ വർഷം ഗ്രാഡൂവേറ്റ് ചെയ്തു. ഡയറക്ടർ പാസ്റ്റർ സാജൂ ജോസഫ് ഗ്രാഡുവേറ്റ്സിനെ പരിചയപ്പെടുത്തുകയും പ്രസിഡണ്ട് എമിററ്റ്സ് പാസ്റ്റർ റ്റി.എസ്. ഏബ്രഹാം, പ്രസിഡണ്ട് പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം, വൈസ് പ്രിൻസിപ്പൽ പാസ്റ്റർ പി. എ. മാത്യു എന്നിവർ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു.

ബിരുദദാന സന്ദേശം വിശിഷ്ടാതിഥി ഡോ.അലക്സാണ്ടർ എ. ഫിലിപ്പും പ്രസിഡണ്ടിന്റെ നിയോഗ സന്ദേശം പാസ്ററർ ഡോ.റ്റി. വത്സൻ ഏബ്രഹാമും നൽകി. പാസ്റ്റർ സണ്ണി കുര്യൻ അനുഗ്രഹ പ്രാർത്ഥന നടത്തി. ഡയറക്ടർ പാസ്റ്റർ സാജൂ ജോസഫ് റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രിൻസിപ്പൽ ഡോ. ജോൺ അലക്സ് സ്വാഗതം ആശംസിക്കുകയും ചെയ്തു. വൈസ് പ്രസിഡണ്ട് മേജർ വി.ഐ.ലൂക്ക് നന്ദി പ്രകാശിപ്പിച്ചു.

റവ.ഡോ. മാത്യു വർക്കി, ഡോ.രാജീവൻ തോമസ്, ബ്രദർ സണ്ണി കൊടുന്തറ എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർമാർ, വിശ്വാസികൾ, മാതാപിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, പ്രാർത്ഥനാ സഹകാരികൾ തുടങ്ങി രണ്ടായിരത്തോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

## തിരുവട്ടാർ കൃഷ്ണൻകുട്ടി വിട വാങ്ങി...



**വാളകം:** സുവിശേഷ പ്രഭാഷണവേദികളിൽ ഇടിനാദമായി ഭവിച്ച ഉജ്ജ്വലവാഗ്മി ആർ.കെ. യാദവ് എന്ന തിരുവട്ടാർകൃഷ്ണൻകുട്ടി വിട വാങ്ങി.

പത്മോസിലെ ക്രിസ്തു, യേശുക്രിസ്തു ചരിത്രപുരുഷൻ, ഭാരതീയ മതസംഗ്രഹം, ക്രൈസ്തവവീക്ഷണം, മലാഖി മുതൽ ക്രിസ്തുവരെ, തമസോ മാ ജ്യോതിർ ഗമയാ, മനുഷ്യൻ, ഈശ്വരൻ മനുഷ്യൻ ക്രിസ്തു തുടങ്ങി ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവായിരുന്നു. കന്യാകുമാരി ജില്ലയിലെ തിരുവട്ടാറിൽ 1932–ൽ ജനനം. സി.എസ്.ഐ. സഭയിലൂടെ ക്രിസ്തീയ വിശ്വാസത്തിലേക്ക് പിന്നീട് സിലോൺ പെന്തെക്കോസ്ത് മിഷനിലും വന്ന കൃഷ്ണൻകുട്ടി സ്നാനമേറ്റതും റ്റി. പി.എമ്മിലാണ്. പിൽക്കാലത്ത് ബ്രദറൺ സഭയിൽ അംഗമായി. മതേതരലോകത്തിൽ നിരവധി ശ്രോതാക്കളുള്ള സവിശേഷ പ്രസംഗപാടവം അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. ആകർഷണീയമായ മണിപ്രവാളശൈലിയിൽ വാക്കുകൾ കൊണ്ട് വിസ്ഫോടനം സൃഷ്ടിക്കുന്ന വേദിയിലെ തീപ്പൊരിയായിരുന്നു ആർ.കെ. സുവിശേഷവിഹിത സഭകളോട് മുൻവിധി കൂടാതെ സഹകരിച്ച് പോന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ക്രിസ്തുകേന്ദ്രീകൃത വിഷയത്തിൽ ഉറച്ചതായിരുന്നു.

കഴിഞ്ഞ ഏതാനും നാളുകളായി വാർദ്ധക്യസഹജമായ രോഗങ്ങളാൽ ക്ഷീണാവസ്ഥയിലായിരുന്ന അദ്ദേഹം മാർച്ച് 29ന് പ്രഭാതത്തിൽ കടമറ്റത്തുള്ള സ്വവസതിയിൽ വെച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

## സാക്ഷി



മകന്റെ മരണത്തിൽ പ്രതിഷേധിച്ച ജിഷ്ണുവിന്റെ മാതാവിന് മർദ്ദനം ഏറ്റു – **വാർത്ത**

*സാക്ഷരകേരളം ലജ്ജിച്ചു തല താഴ്ത്തട്ടെ.*

## ദക്ഷിണ സുഡാൻ തകർച്ചയിലേക്ക്: സഭകൾ ശാന്തിദൂതുമായി മുന്നോട്ട്



പ്രകാശ് പി. കോശി



**ലോ**കത്തിലെ ഏറ്റവും പുതിയ രാഷ്ട്രമായ ദക്ഷിണ സുഡാൻ രൂക്ഷമായ ക്ഷാമത്തിൽ തകരുന്നു. ആഭ്യന്തര കലാപം താറുമാറാക്കിയ ഈ രാജ്യത്തിൽ ഐക്യരാഷ്ട്ര സഭ ഭക്ഷ്യ ക്ഷാമം പ്രഖ്യാപിച്ചു.

സൊമാലിയക്ക് ശേഷം ക്ഷാമം കൊടുമ്പരി കൊള്ളുന്ന രാജ്യം ആണ് ദക്ഷിണ സുഡാൻ. ക്രൈസ്തവ ഭൂരിപക്ഷം ഉള്ള ദക്ഷിണ സുഡാൻ 2011–ലാണ് അറബ് ഭൂരിപക്ഷം ഉള്ള സുഡാനിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുന്നത്. എന്നാൽ രണ്ടു പ്രബല ഗോത്ര വിഭാഗ നേതാക്കന്മാരുടെ തമ്മിലുള്ള പിണക്കം ഒരുവൻ യുദ്ധത്തിലേക്ക് നയിച്ചു.

ഡിങ്കവർഗ്ഗക്കാരും നുയർ വർഗ്ഗക്കാരും തമ്മിലുള്ള ആഭ്യന്തര യുദ്ധത്തിൽ ലക്ഷകണക്കിന് പേരുടെ ജീവൻ നഷ്ടപ്പെട്ടു. രാജ്യത്തെ മൂന്നിലൊന്നു കുടുംബങ്ങളും പട്ടിണിക്കാരായി.

“ദക്ഷിണ സുഡാൻ എല്ലാ തരത്തിലും ഉള്ള തകർച്ചയിലേക്കാണ് പോകുന്നത്. സൈനീകപരമായും, സാമൂഹ്യപരമായും, സാമ്പത്തികപരമായും ഈ രാജ്യം തകർന്നു”. ലോകസഭാ കൗൺസിലിന്റെ വക്താവ് ഡോക്ടർ നിഗഡു ലെഗസെ പറഞ്ഞു. ഏകദേശം പത്ത് ലക്ഷം പേരാണ് പട്ടിണി മരണത്തിന്റെ വക്കിലെത്തിയിരിക്കുന്നത്. മൂന്നര വർഷത്തെ ആഭ്യന്തര യുദ്ധം രാജ്യ

07

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# ആർ നമ്മെ നിയന്ത്രിക്കും



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

**പെ**ന്തെക്കോസ്തുകാരെന്ന് പേരെടുത്തവരെല്ലാം വെളിച്ചപ്പാടായി മാറിയോ എന്ന് സംശയം തോന്നുകയാണ് നവമാധ്യമങ്ങളിലെ പോരാട്ടം കാണുമ്പോൾ അതിര് വിടുന്ന മാധ്യമ യുദ്ധത്തെക്കുറിച്ച് കഴിഞ്ഞലക്കം ബിലീവേഴ്സ് ജേണൽ ചെയ്ത ലീഡ് ന്യൂസ് വായനക്കാരിൽ നിന്ന് വലിയ പ്രതികരണം ആണ് ഉണ്ടാക്കിയത്. കേൾക്കുവാൻ അറയ്ക്കുന്ന അസഭ്യ വാക്കുകൾ ഉപയോഗിക്കുന്നതിൽ ലജ്ജയില്ലാത്തവരായി മാറിയിരിക്കുകയാണ് ഫേസ്ബുക്ക് ഉപയോക്താക്കളായ 'സുവിശേഷ സ്നേഹികൾ'. നെഞ്ചും നെറ്റിയും കൊടുത്ത് പെന്തെക്കോസ്തിനെയും സുവിശേഷത്തെയും ഒക്കെ സംരക്ഷിക്കുവാൻ ഇറങ്ങിയിരിക്കുന്ന ഇക്കൂട്ടർ നടത്തുന്ന പരസ്യയുദ്ധം സമൂഹമധ്യേ നമ്മുടെ മാർഗ്ഗത്തെക്കുറിച്ച് വരുത്തിയിരിക്കുന്ന അവമതിപ്പ് എത്ര പറഞ്ഞാലും പോരാത്ത നിലയിൽ ഉണ്ടാക്കിയിരിക്കുന്നു. സുവിശേഷം, പെന്തെക്കോസ്ത് ഇതൊക്കെ മാന്യതയുടെ പര്യായങ്ങളായിരുന്നു. എന്നാൽ ചിലരുടെ ചെയ്തികൾ സമൂഹത്തിൽ നമ്മുടെ മാർഗ്ഗത്തിന് മറ്റൊരു പരിവേഷമാണ് നൽകിയിരിക്കുന്നത്.

വിവിധ സമുദായസ്ഥരും വിവിധ ജാതിമതസ്ഥരുമായ സ്നേഹിതർ ഇതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഒട്ടൊരു ലജ്ജയോടെ മാത്രമേ മറുപടി പറയുവാൻ കഴിയുന്നുള്ളൂ. ഉപദേശം സംരക്ഷിക്കുന്നു എന്ന പേരിൽ ഒരു കൂട്ടരും എന്തുമാകാമെന്ന് മറ്റൊരു കൂട്ടരും വാദിക്കുകയാണ്. ഇരുവശത്തും ഒളിഞ്ഞും തെളിഞ്ഞും നേതാക്കന്മാർ അണി നിരക്കുന്നു. മുമ്പിൽ നിന്ന് പോരാടുന്ന ചെറുപ്പക്കാർ വിവേകത്തെക്കാൾ വികാരത്തിന് അടിപ്പെടുമ്പോൾ മുമ്പും പിമ്പും നോക്കാതെ വാക്കുകൾ പ്രയോഗിക്കുന്നു. ആശയസമരം രൂപം മാറി വ്യക്തിഹത്യയിലേക്ക് നീങ്ങുന്നു.മാത്രമല്ല സമരം നടത്തുന്നതിൽ പങ്കാളികളല്ലാത്ത ബന്ധുക്കളെയും കുടുംബക്കാരെയും ഒക്കെ യുദ്ധത്തിൽ വലിച്ചിഴയ്ക്കുന്നു. സമൂഹമദ്ധ്യേ ഇത്തരം ചെറുപ്പക്കാർ വഴക്കന്മാരും മോശക്കാരും ആയി മാറുന്നു. ഫലത്തിൽ ഇവർ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതല്ല പിന്നെയോ പോരാട്ടത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയാണ്. എന്നാൽ കുട്ടികുരങ്ങനെക്കൊണ്ട് ചൂടുചോറ് വാരിക്കുന്നതുപോലെ ചില ആത്മീയ രാഷ്ട്രീയക്കാർ പിന്നണിയിൽ മറഞ്ഞിരുന്ന് ചിരിക്കുകയാണ്. ശരിക്കും ഏറിനെക്കാൾ എറിയുന്നവനെയാണ് ശാസിക്കേണ്ടത്. പെന്തെക്കോസ്ത് സമൂഹം ഇത്രയും അധഃപതിക്കുവാൻ കാരണക്കാരയരും ഉത്തരവാദികളും ഇപ്പോഴുള്ള നേതൃത്വം തന്നെയാണ്. മദ്യപാനികൾ, വെറിക്കൂത്തുകാർ, വിവിധ മാഫിയകൾ എല്ലാം വിവിധ പ്രസ്ഥാനങ്ങളിൽ അധികാരം ഉറപ്പിച്ചുകഴിഞ്ഞു. ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, ഏ.ജി. എന്നീ പ്രസ്ഥാനങ്ങൾ ജനാധിപത്യ സംവിധാനത്തിലൂടെ നേതൃത്വത്തെ നിശ്ചയിക്കുന്നതുകൊണ്ട് അവിടെ നടക്കുന്ന കാര്യങ്ങൾ പുറംലോകം കൂടുതലായി അറിയുന്നു. എന്നാൽ അതിലും കഷ്ടമാണ് കുടുംബവാഴ്ച നടമാടുന്ന മറ്റ് പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ. അവിടെ ശബ്ദിക്കുവാൻ അധികാരം ഇല്ലാത്ത കുറെ അടിമകളെയാണ് നേതാക്കന്മാർക്കാവശ്യം. തലമുറകൾക്ക് സുഖിച്ചുവാഴുവാനുള്ളത് അവർ പാവങ്ങളുടെ പേരിൽ ഉണ്ടാക്കിയെടുക്കുന്നു. ഇതും രണ്ടും അപകടകരമായ സാഹചര്യത്തിലേക്കാണ് പെന്തെക്കോസ്ത് പ്രസ്ഥാനത്തിലേക്ക് തള്ളിവിടുന്നത്.

വചനാടിസ്ഥാനത്തിൽ സഭയെ നയിക്കാനും ഉപദേശപിശകുകൾക്കെതിരെ ശക്തമായ നിലപെടടുക്കാനും കഴിയുന്ന നേതൃത്വം ആകണം പെന്തെക്കോസ്തിന് ആവശ്യം. വചനപഠനം നിർബന്ധമാക്കണം. എന്നാൽ പലരും ഇന്ന് ബൈബിൾ സ്കൂളിൽ പഠിച്ചിട്ടില്ലായെന്നത് എന്തോ വലിയ കേമത്തം പോലെയാണ് സ്റ്റേജുകളിൽ വിളമ്പുന്നത്. അതിനവർ ആധാരം ആക്കുന്നത് പത്രോസിനെയും മറ്റ് ശിഷ്യന്മാരെയുമൊക്കെയാണ്. ലോകത്തിലെ ഏത് യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിക്കുന്നതിനേക്കാൾ വലിയ അറിവാണ് ക്രിസ്തുവിൽ നിന്നും അവർ പ്രാപിച്ചത് എന്നുള്ളത് ഇക്കൂട്ടർ മറക്കുന്നു. ബൈബിൾ കോളജ് പഠനംപോലെ പ്രധാനമാണ് ശുശ്രൂഷാപരിചയവും ആത്മീയതയും മാതൃകയു മുള്ള സീനിയർ ശുശ്രൂഷകരോടൊപ്പം നിന്ന് ശുശ്രൂഷാപരിചയം പ്രാപിക്കുന്നതും. അത്തരം അനുഭവത്തിലൂടെ വരുന്ന ശുശ്രൂഷകൻ വിജയിക്കുന്നതാണ് കണ്ടുവരുന്നത്.

വളയത്തിൽകൂടി ചാടുക എന്നത് അല്പം പ്രയാസമാണ്. വചനവ്യാഖ്യാനത്തിനും ഇതേ നിയമം ബാധകമാണ്. വളയം ഇല്ലാതെ ആർക്കും എങ്ങനെയും ചാടാം. എന്നാൽ അത് ഗുണകരമല്ല. സ്വതന്ത്രമായാലും മുഖ്യധാര പെന്തെക്കോസ്ത് ആയാലും പൊതുവായ ഒരു ചട്ടക്കൂട് വചനാടിസ്ഥാനത്തിൽ പെന്തെക്കോസ്തിനുണ്ടാകണം. കുത്തഴിഞ്ഞ പുസ്തകം പോലെ കിടക്കുമ്പോൾ നവമാധ്യമങ്ങളിലെ വിഴുപ്പലക്കലും യുദ്ധവും തുടരും. നമ്മൾ എത്ര ഉയരാൻ ശ്രമിച്ചാലും പൊതുലോകത്തിന്റെ മുമ്പിൽ വെറും കോമാളികൾ മാത്രമാകും. ആർ നമ്മെ നിയന്ത്രിക്കും ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

---

# ഒരു ജനതയെ തീവ്രവാദത്തിലേക്ക് തള്ളിവിടുന്നവർ






**രാജു ആനിക്കാട്**

**ക്രി**സ്തുവിനെ എല്ലാറ്റിലും മാതൃകയാക്കുന്നവർ എന്ന് അതിവാചകം പറയുന്നവരിൽ പലരും ക്രിസ്തു പഠിപ്പിച്ചതിനും മീതെയാകാനുള്ള പരിശ്രമത്തിലാണെന്നു തോന്നുന്നു. ഒരു തരം മതതീവ്രവാദികൾ പെന്തെക്കോസ്തിൽ വളരുന്നില്ലേ?

ഭരണകൂടവും മതങ്ങളും എല്ലാം എതിർക്കപ്പെടേണ്ടതാണെന്ന തരത്തിൽ അസഹിഷ്ണുത പരത്തുന്നവർ ക്രിസ്തുവിനെത്തന്നെയാണോ പ്രചരിപ്പിക്കുന്നത്. അങ്ങനെ എങ്കിൽ ഇത്തരം വിടുവാ പറയാൻ ശ്രമിക്കരുത്. ഏതായാലും എന്തിനും മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു കൈപുസ്തകം നമ്മുടെ കൈവശമില്ലേ.

നമ്മുടെ പ്രവർത്തന പരിധിയിലെങ്ങാനും ഒരു രാഷ്ട്രീയ മതപ്രവർത്തകർ വന്നാൽ ഇടിഞ്ഞു വീഴുന്ന ഒരു വിശുദ്ധി സങ്കല്പം ക്രിസ്തു വചനങ്ങളുമായോ ആ ശൈലിയുമായോ ബന്ധമില്ലാത്തതാണ്.

ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവും ഇല്ലല്ലോ ഇങ്ങനെയൊക്കെ ഉറപ്പിച്ച് പറയുന്ന ബൈബിൾ പിടിച്ചുകൊണ്ട് നിങ്ങൾക്ക് എങ്ങനെ ഇങ്ങനെയൊക്കെ പറയാനാകും. സാമൂഹിക ഭരണ കർത്താക്കൾ എല്ലാം തന്നെ ദൈവത്തിന്റെ നിയമനമാണ്. ആ ഭരണകർത്താക്കൾക്ക് കൊടുക്കേണ്ട എല്ലാ ബഹുമാനവും ഭയവും കൊടുക്കണം എന്നു തന്നെയാണ് ബൈബിളിന്റെ നിയമം. ക്രിസ്തു ഭരണാധികാരികളോടൊന്നും വെറുതെ അനാദരവു കാണിച്ചതായിട്ട് കാണുന്നില്ല. സാമൂഹിക നിയമങ്ങൾക്കും ഭരണത്തിനും എല്ലാം കീഴ്പ്പെട്ട് പ്രവർത്തിച്ചവനാണ് ക്രിസ്തു. ഭരണകൂട ഭീകരതയ്ക്കെതിരെ പ്രതികരിക്കാം പ്രതിഷേധിക്കാം. പക്ഷെ നിയമ വാഴ്ചയെ ഒന്നും നിരാകരിക്കാൻ ബൈബിൾ അനുവദിക്കുന്നില്ലെന്ന് അറിയണം. അല്ലെങ്കിൽ ഇതേകുറിച്ചൊക്കെ ഒരു ചർച്ച തന്നെ നടത്തി നമ്മുടെ ജനങ്ങളെ ബോധ്യപ്പെടുത്തണം. അല്ലാത്ത പക്ഷം പെന്തെക്കോസ്തും മത തീവ്രവാദികളുടെ പട്ടികയിൽ എത്തും.

കൈസർക്ക് ഉള്ളതു കൈസർക്ക് ദൈവത്തിനുള്ളത് ദൈവത്തിന് എന്ന ക്രിസ്തുവിന്റെ ഒറ്റ പ്രസ്താവന മതിയല്ലോ ക്രിസ്തുവിന്റെ ഭരണകർത്താക്കളോടുള്ള മനോഭാവം മനസ്സിലാക്കാൻ.

ദേവാലയത്തിലേക്കുള്ള കരം ചോദിച്ചപ്പോൾ എനിക്ക് അത് നൽകേണ്ടതിന്റെ ആവശ്യം ഇല്ല എന്ന് പരോക്ഷമായി സൂചിപ്പിട്ടും ഇടർച്ച വരാതിരിക്കേണ്ടതിന്, എനിക്കും നിനക്കും കൂടെ നൽകുക എന്ന് ശിഷ്യനായ ശീമോനോട് പറഞ്ഞ ക്രിസ്തുവിനെ നമ്മുടെ ഈ തീവ്രവാദികളാരും കാണുന്നില്ല.

ഒരു ക്രിസ്ത്യാനി, സമൂഹത്തി ൽ ഒരു തരത്തിലുമുള്ള കലഹത്തിനും വിഭാഗീതയ്ക്കും വ ഴിവെയ്ക്കുന്നവനാകരുത്. ഇ ടർച്ചയുണ്ടാക്കാത്ത ഒരു സമവായത്തിന്റെ മാർഗ്ഗമുണ്ട്. അത് സ്വീകരിക്കണം. സാമൂഹിക വിഷയം പറയുമ്പോൾ ഉപദേശ വിഷയവുമായി വരും എന്നറിയാം. അത് വിവരക്കേടാണ്.

രാഷ്ട്രീയ പാർട്ടിക്കാർ ഒരു പിരിവിനു വന്നാൽ കൊടുക്കുന്നതിൽ തെറ്റില്ല, ഒരാദരവും ഇടർച്ചയുണ്ടാകാതിരിപ്പാൻ ആഭിമുഖ്യം കൊണ്ടു മാത്രമല്ല പല സഹകരണങ്ങളും, അലോഹ്യമില്ലാതിരിക്കുന്നതിനാണ്. നാളെ ഒരു പഞ്ചായത്തു മെമ്പറുടെ ഒപ്പു ആവശ്യമുള്ളപ്പോൾ, അതിൽ ദൂതൻ ഒപ്പു വെച്ചാൽ കാര്യം നടക്കില്ലല്ലോ.

ഭരണകൂടം എന്ന സിസ്റ്റം ഈ ലോകത്തിന്റെ സുഗമമായ നിലനിൽപ്പിന് ദൈവം തന്നെ വെച്ചിരിക്കുന്നതാണ്. കേരളത്തിന്റെ മന്ത്രിയോ, മുഖ്യമന്ത്രിയാകാൻ തൽക്കാലം യോഗ്യതയും ശേഷിയും ഉള്ളവർ ഇപ്പോൾ ഇല്ലാത്തതുകൊണ്ടാണ്. നാളെ കേരള ജനസംഖ്യയിൽ അമ്പതു ശതമാനം പെന്തെക്കോസ്തരായാൽ ഈ സ്ഥാനമൊക്കെ വഹിക്കേണ്ടിവരും. എല്ലാവരും പെന്തെക്കോസ്തരാകുന്നതോടെ ഭരണകൂടം ഇല്ലാതാവുകയില്ല. ഈ സിസ്റ്റം നിലനിർത്തേണ്ടത് ദൈവത്തിന്റെ ആവശ്യമാണ്. നമ്മുടെ അറിവിനപ്പുറത്ത് ഒന്നുമില്ലെന്നു ധരിക്കുന്നവൻ അജ്ഞതയുടെ തുരുത്തിലാണ് അവരുടെ തലയിലെ കിരീടം അറിവുകേടിന്റെതാണ്.

രാജ്യവും ഭരണഘടനയും മതേതരത്വവും ഒക്കെ പച്ചയായ യാഥാർത്ഥ്യമാണ്. അതിനെയൊക്കെ നിരാകരിച്ചുകൊണ്ടുള്ള അപ്രായോഗിക വാചകമടി ആത്മീക തലത്തിലാന്ന് ധരിക്കാൻ തികഞ്ഞ അജ്ഞൻമാർക്കേ സാധിക്കൂ. ഇങ്ങനെ പറയാനും, അതു വിശ്വസിക്കാനും തികഞ്ഞ മതാത്മകതയിൽ വിശ്വസിക്കുന്ന മതോദ്മാതികൾക്കേ സാധിക്കൂ. മതപരവും രാഷ്ട്രീയപരവുമായ ഇടുങ്ങിയ ചിന്താഗതിക്കാരുടെ സ്വാധീനം ഒരു ജനതയെ തീവ്രവാദത്തിലേക്കാണ് തള്ളിവിടുന്നത്. ഇത് നമുക്ക് ഗുണം ചെയ്കയില്ലെന്ന് തിരിച്ചറിയേണം.

---

# ബൈബിൾ ക്ലാസ്

**മെഴുവേലി:** മെഴുവേലി ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രിക സംഘടനയായ സി.ഇ.എം.ന്റെ ആഭിമുഖ്യത്തിൽ 2017 ഏപ്രിൽ 13,14 (വ്യാഴം, വെള്ളി) ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 9 മണിവരെ സ്പെഷ്യൽ ബൈബിൾ ക്ലാസ്സും 15-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1 വരെ യുവജന സെമിനാറും നടത്തപ്പെടുന്നു. പാസ്റ്റർ ജേക്കബ് ജോർജ്ജ് (ചെങ്ങന്നൂർ സെന്റർ പാസ്റ്റർ) ഉദ്ഘാടനം ചെയ്യുന്ന ഈ മീറ്റിംഗിൽ പാസ്റ്റർ അനിൽ കൊടിത്തോട്ടം ക്ലാസ്സുകൾ നയിക്കും.



## എനിക്കും പറയാനുണ്ട്

# നിലപാടുകൾ വ്യക്തം



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

എനിക്കും പറയാനുണ്ട് എന്ന കോളം പെന്തെക്കോസ്തിനെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകളുടെയും നിലപാടുകളുടെയും ആവിഷ്കാരമാണ്. ഒരു വ്യക്തികളുടെയും രഹസ്യജീവിതത്തെയോ അവരുടെ കുടുംബത്തെക്കുറിച്ചോ മോശമായി എഴുതാറുമില്ല. ബിലീവേഴ്സ് ജേണലിന്റെ ആരംഭം മുതൽ വ്യക്തമായ നിലപാടോടെയാണ് പ്രവർത്തിച്ചുവരുന്നത്. പെന്തെക്കോസ്ത് സമൂഹത്തിലെ അഴിമതിക്കും ദുരുപദേശത്തിനും അധികാര ദുർവിനിയോഗത്തിനുമെതിരെയാണ് ജേണൽ നിലകൊണ്ടിട്ടുള്ളത്. മാത്രമല്ല ഒരു പരിധിക്കപ്പുറം പെന്തെക്കോസ്ത് നേതാക്കന്മാരുമായി അടുപ്പം കാണിക്കാറുമില്ല. തരംപോലെ നിലപാട് മാറ്റുന്ന നേതാക്കന്മാരോട് താല്പര്യവും കാട്ടാറില്ല. ഇത്തരം നിലപാടുകൾ കാരണം വെറുതേ ധാരാളം ശത്രുക്കൾ ഉണ്ടായിട്ടുമുണ്ട്. പല ഘട്ടങ്ങളിലായി ജേണലിനെ തകർക്കുവാൻ കൂട്ടുകെട്ടുകൾ ഉണ്ടായിട്ടുണ്ട്. വ്യക്തിപരമായി അധിക്ഷേപിക്കുവാനും ശാരീരികമായി ആക്രമിക്കുവാനും വരെ ഇവിടുത്തെ എണ്ണപ്പെട്ട പെന്തെക്കോസ്ത് ശുശ്രൂഷകർ ശ്രമിച്ചിട്ടുണ്ട്.

ജേണൽ പുതിയ എഴുത്തുകാരെ എന്നും പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സൂക്ഷിച്ചിട്ടുള്ളത്. ഒരവസരം ജേണലിൽ എഴുതുവാൻ തരണം എന്ന് അപേക്ഷിച്ച് വന്ന ഒരു എഴുത്തുകാരന് ആവശ്യത്തിലധികം പ്രോത്സാഹനവും പിന്തുണയും നൽകി. എന്നാൽ ഇത്തരം പ്രവർത്തികൾ നമുക്ക് തന്നെ തിരിച്ചടിയാകും എന്ന് അനുഭവം. ഇരട്ടത്താപ്പുള്ള ചില നേതാക്കന്മാരെയും എഴുത്തുകാരെയും തിരിച്ചറിയുവാനും മാധ്യമപ്രവർത്തനം സഹായിച്ചു.

വ്യക്തിഹത്യകൊണ്ട് ഒന്നും സാധിക്കുന്നില്ല എന്ന ചിന്തയാകാം ചിലർ കുടുംബാംഗങ്ങളെ വ്യാജപ്രചരണങ്ങളിലൂടെ അധിക്ഷേപിക്കുകയാണ്. എന്നാൽ മറുപടി പറയുവാൻ ഇല്ലാത്തതുകൊണ്ടല്ല. അവരെപ്പോലെയാകുന്നത് ശരിയല്ലല്ലോ എന്നതിനാൽ മൗനം ഭജിച്ചു എന്നേയുള്ളൂ. എന്നാൽ മര്യാദയുടെ എല്ലാ അതിരുകളും ലംഘിച്ച് കാര്യങ്ങൾ മുമ്പോട്ട് പോകുന്ന തിനാൽ നിയമപരമായി ചിലതെല്ലാം ചെയ്യേണ്ടി വന്നു.

കഴിഞ്ഞ വർഷങ്ങളിൽ നിലപാടുകളുടെയും ഉപദേശത്തിന്റെയും പേരിൽ ഐപിസിയിലെ ഒരു വിഭാഗത്തോട് ജേണൽ ആഭിമുഖ്യം കാട്ടിയിരുന്നു. എന്നാൽ കാലങ്ങൾ പിന്നിട്ടപ്പോൾ അവരുടെ ഉപദേശത്തിലും നിലപാടുകളിലും യാഥാർത്ഥ്യത്തിന്റെ കണികയോ ആത്മാർത്ഥതയോ ഇല്ലെന്ന തിരിച്ചറിവ് മാറി ചിന്തിക്കുവാൻ പ്രേരണ നൽകി. അതുകൊണ്ട് തന്നെ സമദൂരസിദ്ധാന്തം പാലിച്ച് കാഴ്ചക്കാരന്റെ റോളിലാണ് ബിലീവേഴ്സ് ജേണൽ.

എന്നാൽ ചർച്ച് ഓഫ് ഗോഡിലേക്ക് വരുമ്പോൾ സ്ഥിതി മറ്റൊന്നാണ്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്നതുപോലെ മുൻ ഭരണാധികാരികളുടെ നിലപാടുകളും ശത്രുതാപരമായ നീക്കങ്ങളുമാണ് ചർച്ച് ഓഫ് ഗോഡ് വാർത്തകളുമായി രംഗത്തുവരുവാൻ കാരണമായത്. ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയനിലെ സ്റ്റേഡിയം വില്പനയും അതിലെ അഴിമതിയും തൊടുപുഴയിലെയും ആറന്മുളയിലെയും വസ്തുഇടപാടിലെ അഴിമതി ഇവയെല്ലാം അങ്ങനെയാണ് ജേണൽ വെളിച്ചത്ത് കൊണ്ടുവന്നത്. എന്നാൽ കേരളാ സ്റ്റേറ്റിലെ അഴിമതിക്കാർ പിടിക്കപ്പെട്ടില്ല എന്നുമാത്രമല്ല ഇന്നും മാന്യതയുടെ മുഖംമൂടി അണിഞ്ഞ് നടക്കുകയാണ്. എത്ര വ്യക്തിഹത്യ നടത്തിയാലും ജേണൽ നിലപാടിൽ മാറ്റമില്ല. എന്നെ ശാരീരികമായും ഉന്മൂലനം ചെയ്യുവാൻ ശ്രമിച്ചാലും അതൊന്നും സാരമുള്ള കാര്യമല്ല. കാരണം മരണം എന്നത് ഒരിക്കൽ സംഭവിക്കേണ്ടതാണ്. ചർച്ച് ഓഫ് ഓവർസിയർ ഇലക്ഷനിൽ വ്യക്തമായ നിലപാടാണ് ജേണലിനുണ്ടായിരുന്നത്. അത് ഒരിക്കലും രഹസ്യമല്ലായിരുന്നു. ഇന്ന് പലരും വൻ അവകാശവാദങ്ങളുമായി നവമാധ്യമങ്ങളിലും പത്രങ്ങളിലുമൊക്കെ പ്രത്യക്ഷപ്പെടുന്നു. എന്നാൽ ഇവരൊക്കെ സ്വപ്നത്തിൽപോലും ചിന്തിക്കുംമുമ്പേ ബിലീവേഴ്സ് ജേണൽ നിലപാട് വ്യക്തമാക്കിയതാണ്.

അഴിമതി, സ്വജനപക്ഷപാതം, തലക്കനം, ഇവയൊന്നുമില്ലാത്ത ഒരു നേതൃത്വം അതാകണം വേണ്ടത്. അക്കാര്യത്തിൽ പാസ്റ്റർ സി. സി. തോമസ് ഇതുവരെ വിജയിച്ചിട്ടുണ്ട് എന്നാണ് എന്റെ നിരീക്ഷണം. എന്നാൽ കസേര സ്വപ്നം കണ്ട ചിലർക്കെങ്കിലും ഇത് ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. അതുകൊണ്ട് തന്നെ അവർക്ക് ഉറക്കം നഷ്ടപ്പെട്ടിരിക്കുന്നു. ചിലരെ ചാവേറുകളായി മുമ്പിൽ നിർത്തി ചിലർ പുറകിൽ ചരട് വലിക്കുകയാണ്. അത് ആര് എന്നത് എല്ലാവർക്കും മനസ്സിലാകും. വലിയ സഭ, വലിയ ഡിസ്ട്രിക്ട്, ഡയറക്ടർ പോസ്റ്റുകൾ ഇതൊക്കെ ചിലരുടെ ആവശ്യങ്ങളാണ്. അത് അർഹതയുള്ളവർക്ക് കിട്ടുന്നത് തെറ്റുമല്ല. ചർച്ച് ഓഫ് ഗോഡ് കൺവൻഷനിൽ മീഡിയ കൺവീനർ സ്ഥാനം എനിക്ക് തന്നത് പാസ്റ്റർ സി.സി. തോമസ് സ്വജനപക്ഷപാതമായി ഇക്കൂട്ടർ വ്യാഖ്യാനിക്കുന്നത് കണ്ടു. ഇവരിൽ പലരും ചർച്ച് ഓഫ് ഗോഡ് എന്ന് എഴുതിപഠിക്കുന്നതിനുമുമ്പ് പല വർഷങ്ങളിലും കൺവീനർ സ്ഥാനം വഹിച്ചിട്ടുള്ളതിനാൽ അത്തരം വിമർശനങ്ങളെ ചിരിയോട് മാത്രമേ കണ്ടിട്ടുള്ളൂ. റവ. പി. എ. വി. സാം വെസ്റ്റ് ഏഷ്യൻ സൂപ്രണ്ടായി പോകുമ്പോൾ വൻജനാവലിയുടെ സാന്നിധ്യത്തിൽ നടത്തിയ യാത്രയയപ്പ് സമ്മേളനത്തിൽ മാധ്യമപ്രതിനിധിയായി സംസാരിക്കുവാൻ അവസരം ലഭിച്ചത് ഇന്നും അഭിമാനത്തോടെ ഓർക്കാറുണ്ട്. പാസ്റ്റർ വി. സി. ഇട്ടിയും പാസ്റ്റർ കെ. സി. ജോണും തമ്മിൽ നടന്ന ഓവർസിയർ തെരഞ്ഞെടുപ്പിൽ പാസ്റ്റർ കെ. സി. ജോണിനുവേണ്ടി ഇലക്ഷൻ ഏജന്റ് എന്ന നിലയിൽ പോളിംഗ് സ്റ്റേഷനിൽ ആദ്യവസാനം നിരീക്ഷകനായി ഇരിപ്പാൻ അവസരം ലഭിച്ചതും അന്ന് കിട്ടിയ അംഗീകാരമാണ്. ബിലീവേഴ്സ് ജേണലിന് ലഭിക്കുന്ന വായനക്കാരുടെ അംഗീകാരം പതിനായിരക്കണക്കിനാണ്. അത് മുളക്കുഴയിൽ കൂടി കിട്ടിയതല്ല. ചിലരുടെ തറരാഷ്ട്രീയത്തിൽ താല്പര്യവുമില്ല. ചർച്ച് ഓഫ് ഗോഡ് സ്പിരിറ്റ് രക്തത്തിൽ അലിഞ്ഞിട്ടുമില്ല. പെന്തെക്കോസ്തുകാരായ ദൈവജനങ്ങൾ എന്നതിനപ്പുറമുള്ള ഒരു സംഘടനാ സ്പിരിറ്റുമില്ല.

എന്നാൽ നവമാധ്യമങ്ങൾ യുദ്ധക്കളങ്ങൾക്ക് സമാനമായി മാറിയിരിക്കുന്നത് കാണുമ്പോൾ വളരെ ദുഃഖം തോന്നുന്നു. ചിലർ ഉപയോഗിക്കുന്ന സഭ്യമല്ലാത്ത പദപ്രയോഗങ്ങൾ കേൾവിക്കാർക്ക് മാത്രമല്ല ഉപയോഗിക്കുന്നവരുടെ കുടുംബാംഗങ്ങൾക്കുപോലും തലതാഴ്ത്തുവാൻ അവസരമായി മാറുന്നു. നിലപാടുകൾക്ക് മാറ്റമില്ല. നിങ്ങൾക്ക് അസഭ്യം പറയാം അധിക്ഷേപിക്കാം. അതിനൊന്നിനും എന്റെ ആത്മാവിനെ ഹനിക്കുവാൻ കഴിയുകയില്ല.



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)




-തുടർച്ച-

### തിമൊഥെയൊസ്

ഒന്നു തിമൊഥെയൊസിന്റെ ലേഖനം അഞ്ചാം അദ്ധ്യായത്തിൽ പത്താം വാക്യത്തിൽ വിധവമാരുടെ കർത്തവ്യങ്ങളെ കുറിച്ച് പറയുമ്പോൾ മക്കളെ വളർത്തുക. അത് ദൈവഭയത്തിലും പത്ഥ്യോപദേശത്തിലും അതാണ് പലരും ചെയ്തതായി തിരുവെഴുത്തിലൂടെ വായിക്കുന്നത്. മറ്റൊരു ജോലി അതിഥികളെ സൽക്കരിക്കുക, യഹൂദന്മാരുടെ വ്യവസ്ഥ പ്രകാരം അപരിചിതരെയും അനാഥരെയും വീടുകളിൽ കൈക്കൊള്ളുകയും സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യുക എന്നുള്ളത് ദൈവം അവർക്കു നൽകിയിരിക്കുന്ന ഉപദേശമാണ്. പഴയ നിയമത്തിൽ പ്രസ്തുത വിഷയത്തെ സ്ഥാപിക്കുന്ന അനേക വേദഭാഗങ്ങളുണ്ട് ലേവ്യ:19:33,34. 25:14-17; ആവ:15:7-11. പുതിയനിയമത്തിലും യേശുക്രിസ്തു ശിഷ്യന്മാരെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും പോകുമ്പോൾ യാതൊന്നും കരുതണ്ടേ എന്നു പറയുമ്പോൾ ഈ ആശയമാണ് അതിന്റെ പിന്നിൽ യൂക്കോ:10:4-5, എബ്രായലേഖനം അതിന് തെളിവ് നൽകുന്നുണ്ട്. എബ്രാ:13:1-3. അതിഥി സൽക്കാരം യഹൂദന്മാരുടെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നത് പോലെ ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു ഭാഗമാണ് അതാണ് പ്രഥമ ശതകത്തിലെ ദൈവസഭ കാണിച്ചു തന്ന മാതൃക. അത് പിൻപറ്റുവാൻ എല്ലാ ക്രിസ്തീയ സഭകളും സംഘടനകളും ദൈവമക്കളും ബാധ്യസ്ഥരാണ്.

മറ്റൊന്ന് പൗലോസ് ചൂണ്ടിക്കാണിക്കുന്നത് വിശുദ്ധന്മാരുടെ കാലുകളെ കഴുകുക, യഹൂദന്മാരുടെ ഇടയിൽ കാലുകളെ കഴുകുന്ന ഒരു ആചാരം നിലനിന്നിരുന്നു. ഇത് അടിമകളോ ദാസന്മാരോ അത്രെ ചെയ്തിരുന്നത്. യജമാനൻ എവിടെയെങ്കിലും ദൂരയാത്ര ചെയ്ത് ഭവനത്തിൽ മടങ്ങിയെത്തിയപ്പോൾ കാലിലെ പൊടിയും അല്പം തണുപ്പും മാർദ്ദവും ലഭിക്കുവാൻ വേണ്ടിയും ഇത് ചെയ്തിരുന്നു. ഇത് അപരിചിതന്മാരെ അംഗീകരിക്കുന്നതിന്റെയും സ്വീകരിക്കുന്നതിന്റെയും എളിമയുടെയും താഴ്മയുടെയും അടയാളമായിരുന്നു.

ഒരു വ്യക്തി വീട്ടിൽ വരുമ്പോൾ സ്വീകരിക്കുന്നതിന്റെയും ഒരു സംസ്കാരമായിരുന്നു. പഴയനിയമത്തിൽ നിന്നും ലഭിക്കുന്ന വേദഭാഗങ്ങൾ, ഉല്പ:18:4. പുതിയനിയമത്തിൽ യേശുക്രിസ്തു തന്റെ ശിഷ്യന്മാരുടെ പാദം കഴുകിയതായി യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അദ്ധ്യായത്തിൽ നിന്നും വായിക്കുന്ന പത്രോസും മറ്റും ശിഷ്യന്മാരും ഇതിനെ തടഞ്ഞപ്പോൾ യേശുക്രിസ്തു പറഞ്ഞു മനസിലാക്കിയപ്പോൾ പത്രോസും മറ്റും ശിഷ്യന്മാരും അംഗീകരിക്കുകയും അപ്രകാരം ചെയ്തതായി നാം മനസ്സിലാക്കുന്നു. എന്നാൽ പിൽക്കാലത്ത് അങ്ങനെ ശിഷ്യന്മാരോ വിശ്വാസികളെ ചെയ്തതായി യാതൊരു തെളിവ് ലഭിക്കുന്നില്ല. ഇന്നു അതുകൊണ്ടായിരിക്കാം പല സഭകളും അവരുടെ ആത്മീയ കൂട്ടായ്മകളിൽ ഇത് ചെയ്തുവരാത്തത്. എന്നാൽ ചില സഭകൾ തിരുവത്താഴം എടുക്കുന്നതിന് മുമ്പ് വിശ്വാസികളുടെ (കൂട്ടു) പാദം കഴുകി മാത്രമെ തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുക്കാറുള്ളു. അങ്ങനെ ചെയ്യുന്ന സഭകൾ തിരുവത്താഴ ശുശ്രൂഷ രാത്രിയിൽ മാത്രമെ എടുക്കാറുള്ളു. പാദം കഴുകൽ കൊണ്ട് വല്ല തെറ്റും ഉണ്ടോ? ഈ ലേഖകന്റെ അഭിപ്രായത്തിൽ ഒരു തെറ്റും ഇല്ല. ഇത് പരസ്പരം അംഗീകരിക്കുന്നതിന്റെയും ഉൾക്കൊള്ളുന്നതിന്റെയും ചിഹ്നമാണ്. ഒന്നാം നൂറ്റാണ്ടിൽ വിശ്വാസികൾ പല സംസ്കാരത്തിൽ നിന്നും പശ്ചാത്തലത്തിൽ നിന്നുള്ളവരുമായിരുന്നു. അത് ജാതീയ, സംസ്കാര മതപരമായും, യഹൂദനും, ബർബ്ബരനും, ശകനും, ദാസനും, സ്വതന്ത്രനും(കൊലൊ:3:11). അപ്പോൾ പാദം കഴുകൽ എല്ലാവരെയും ഒരുപോലെ കാണുവാനും സ്വീകരിക്കുവാനും ഇടയായിത്തീരും. ഇന്നും പല സഭകളും ഇത് ചെയ്യുവാൻ മടി കാണിക്കുന്നതും ചെയ്യാത്തതിനും പല കാരണങ്ങളുണ്ട്. ഒന്നുകിൽ പ്രായോഗിക ബുദ്ധിമുട്ട് അതായത് തൊട്ടിയും വെള്ളവും തോർത്തും കൊണ്ടുവരാനും മറ്റും പറഞ്ഞു ഒഴിവാക്കുന്നു. രണ്ടാമതായി പറയുന്നത് ഇത് യഹൂദന്മാരുടെ സംസ്കാരമാണ് അതുകൊണ്ട് നാം ചെയ്യേണ്ടതില്ല. മൂന്നാമതായി തിരുവചനത്തിൽ ആദിമ സഭ ഇപ്രകാരം ചെയ്തതായി ഒരു തെളിവുമില്ല വേദവാക്യങ്ങളുമില്ല. നാലാമതായി സ്നാനം, തിരുവത്താഴം ആദിയായ ഉപദേശം പോലെ ഇതിനെ പറഞ്ഞിട്ടില്ല, ഉദാഹരണത്തിന് എബ്രായലേഖനത്തിൽ ആറാം അദ്ധ്യായത്തിലെ ഒന്നു മുതൽ ഉള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാന ഉപദേശങ്ങളിൽ പാദം കഴുകുന്നതിനെ കുറിച്ച് യാതൊന്നും പറഞ്ഞിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഇതൊരു ഉപദേശമായി കാണുവാനോ കണക്കാക്കുവാനോ കഴിയുകയില്ല. അതുകൊണ്ട് ഇത് ചെയ്യണമെന്നില്ല. എന്നാൽ ഈ ശുശ്രൂഷ ചെയ്യുന്ന സഭകളെ വിമർശിക്കണ്ടേതുമില്ല. ചെയ്യാത്തവരെ പരിഹസിക്കണ്ടേതുമില്ല. ഇത് ഓരോരുത്തരുടെയും വ്യകതിപരമായ വിശ്വാസത്തിനും തീരുമാനത്തിനും വിടാം. ഇതൊരു ദുരുപദേശമായി കാണണ്ടേതില്ല പരമാവധി നല്ല കാര്യങ്ങൾ അംഗീകരിക്കുകയും ചെയ്യാമെങ്കിൽ ചെയ്യുകയും വിമർശകരുടെയും വായ് അടപ്പിക്കുക, യോഹ:13:14.

ഞെരുക്കമുള്ളവർക്കു മുട്ടുതീർക്കുകയോ സൽപ്രവർത്തികളെ ചെയ്യുക, സൽപ്രവർത്തികൾക്കും വിധവമാരെയും അനാഥരെയും പരദേശികളെയും ബുദ്ധിമുട്ടുള്ളവരെയും സഹായിക്കുന്നതിനും വലിയ ഊന്നൽ നൽകുന്ന ഒരു പുസ്തകമാണ് ബൈബിൾ, മാർഗ്ഗമാണ് ക്രിസ്തീയ വിശ്വാസം. അതുകൊണ്ടാണ് പുതിയനിയമ പുസ്തകങ്ങളിൽ ഉടനീളം ഈ വിഷയത്തെ വളരെ ഗൗരവമായി എഴുത്തുകാർ എഴുതിയിരിക്കുന്നതും പഠിപ്പിക്കുന്നതും. യേശുക്രിസ്തുവിനെ പിൻപറ്റുവാനും അനുഗമിക്കുവാനും താല്പര്യം കാണിച്ച ധനികരോടും കർത്താവിനെ കാണുവാൻ വേണ്ടി കാട്ടത്തിയിൽ കയറിയ സക്കായിയും ചെയ്തത് അനധികൃതമായും അന്യായമായും സമ്പാദിച്ചതും സമ്പന്നർ അവരുടെ വസ്തുവകകൾ വിറ്റു പിൻപറ്റുവാൻ പറഞ്ഞത്, പലർക്കു അത് പ്രായസമായതിനാൽ അവർ വന്നവഴിയെതന്നെ മടങ്ങിപോകുകയും ചെയ്തു. യേശു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക യേശു അവനെ കണ്ടിട്ട് സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നു പറഞ്ഞു. ലൂക്കോ: 18 : 18 - 27. അപ്പോസ്തല പ്രവർത്തിയുടെ പുസ്തകത്തിൽ ഡോക്ടർ ലൂക്കോസ് എഴുതിയിരിക്കുന്ന ഒരു വിഷയം ഇപ്രകാരമാണ്. യോപ്പയിൽ പേടമാൻ എന്നർത്ഥമുള്ളത് തബീഥാ എന്ന് പേരുള്ളൊരു ശിഷ്യ ഉണ്ടായിരുന്നു. അവൾ സൽപ്രവർത്തികളും ധർമ്മങ്ങളും ചെയ്തു പോന്നവളായിരുന്നു. അ. പ്രവ.:9:36 - 43. **(തുടരും..)**

# ഇന്റർനാഷണൽ ബാങ്ക് അക്കൗണ്ട് നമ്പർ



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ, 9447313709

ഏകലോക ഭരണവും ആഗോള ബാങ്കിഗ് സംവിധാനവും എന്ന സ്വപ്നം നടപ്പിലാക്കാനുള്ള വ്യഗ്രതയിലാണ് ലോകം. സ്വപ്നലോകത്തിലെ ആ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ രാജ്യങ്ങളിലെ ദേശസാത്കൃത ബാങ്കുകളെ ഏകോപിപ്പിച്ച് അന്തരാഷ്ട്ര ബാങ്കിംഗ് അക്കൗണ്ട് നമ്പർ നല്കി കൊടുക്കുന്നതിനുള്ള പ്രാരംഭ നടപടികളിലാണ് ലോകത്തിലെ പ്രമുഖ ബാങ്കുകൾ. ഇതിന്റെ ഉദ്ദേശം ഒരു രാജ്യത്തും നിന്നും മറ്റൊരു രാജ്യത്തേക്ക് പണം ബാങ്കുകളിലൂടെ കൈമാറ്റം ചെയ്യുമ്പോൾ ഇടപാടിലെ ഉണ്ടാകുന്ന പിശകുകൾ ഇല്ലാതാക്കി കൃത്യമായി വ്യക്തിയുടെ അക്കൗണ്ടിൽ തന്നെ പണം നിക്ഷേപിക്കുക എന്ന ഉദ്ദേശമാണ്. ലോകത്തിലെ 69 റിസർവ് ബാങ്കുകളുടെ ഇടപാടുകാർക്ക് 34 അക്കങ്ങൾ ഉള്ള അക്കൗണ്ട് നമ്പർ നല്കി തുടങ്ങി. ആദ്യമായി ഇത് നടപ്പിലാക്കിയത് യുറോപ്യൻ യൂണിയൻ ബാങ്കിഗ് നിലവാര കമ്മറ്റി ആയിരിന്നു. ഒരു പരീക്ഷണാർത്ഥം യുറോപ്പിൽ ആരംഭിക്കുകയും വിജയം എന്നു കണ്ടതിനാൽ യുറോപ്യൻ ബാങ്കിഗ് കമ്മറ്റി ഇത് അംഗീകരിക്കുകയും ചെയ്തു. അതിനാൽ യുറോപ്പിൽ ആകെ വ്യാപിച്ച ഈ സംവിധാനത്തെ കുറ്റമറ്റതാക്കി ലോകം മുഴുവൻ വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ്. വെളിപ്പാട് പുസ്തകം പതിമൂന്നാം അദ്ധ്യായത്തിൽ കാണുന്ന ഭൂമിയിൽ നിന്ന് രംഗപ്രവേശനം ചെയ്യുന്ന മൃഗം അതിന്റെ രണ്ട് കൊമ്പുകളിൽ ഒന്ന് പ്രതിനിധാനം ചെയ്യുന്നത് ലോകത്തിലെ ധനത്തിനെയാണ്. യേശുക്രിസ്തുവിന്റെ വരവിനു ശേഷം ഭൂമിയുടെ ആധിപത്യം ഏറ്റെടുക്കുന്ന ഏകലോക ഛത്രാധിപതി ലോകത്തിലെ ഒരോ ധന ഇടപാടുകളും നിരീക്ഷിച്ചു കൊണ്ടിരിക്കും എന്ന് ഇതിനാൽ മനസ്സിലാക്കാം. അങ്ങനെ നിരീക്ഷിക്കുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനും വേണ്ടി നല്കപ്പെടുന്നതാണ് ഇത്തരം അക്കൗണ്ട് നമ്പർ. ഇപ്പോൾ ഏതെങ്കിലും ഒരു രാജ്യത്തുള്ള ബാങ്കുകളിൽ അക്കൗണ്ട് ഉള്ള വ്യക്തിയുടെ അക്കൗണ്ടിനെ ഇന്റർനാഷണൽ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുകയാണ് അതിനായി ചെയ്യുന്നത്. ഇന്റർനാഷണൽ ബാങ്ക് അക്കൗണ്ട് നമ്പറിൽ 34 അക്കങ്ങളാണ് വരുന്നത് ഈ അക്കങ്ങൾ സൂചിപ്പിക്കുന്നത് ആദ്യം രാജ്യത്തിന്റെ കോഡ്, പിന്നീട് രണ്ടു പരിശോധനാ അക്കങ്ങൾ, ആഭ്യന്തര ബാങ്ക് അക്കൗണ്ട് നമ്പർ, ബ്രാഞ്ച് സ്ഥിതികരിക്കുന്നതിനുള്ള അക്കങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്. ഈ സംവിധാനത്തിന്റെ ആരംഭത്തിങ്കൽ ഇതിനെ നീയന്ത്രിച്ചിരുന്നത് ഇന്റർ നാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷന്റെ 13616:1997 ആയിരുന്നു എന്നാൽ ഇപ്പോൾ അത് 13616:2007-ലേക്ക് മാറി. ഇത്തരം സംവിധാനം ആരംഭിക്കുന്നതിനു മുന്നമെ നടന്ന ചില അന്തരാഷ്ട്ര ഇടപാടുകളിൽ ഇടപാടുകാരുടെ പണം തെറ്റി സമാനമായ മറ്റ് അക്കൗണ്ടിലേക്ക് പോകുന്ന പ്രവണതകൾ ആവർത്തിച്ചിരുന്നു. അങ്ങനെ സംഭവിക്കുന്ന പിശകുകൾക്ക് ഒരു പരിഹാരം എന്തെന്നുള്ള ചിന്തയാണ് ഇപ്രകാരം ഒരു സംവിധാനം. ഇങ്ങനെയുള്ള മാറ്റത്തിന് കാരണം വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് തിരിച്ചറിയാൻ വ്യത്യസ്തമായ ചില ദേശിയ മാനദണ്ഡങ്ങൾ ഉണ്ടാക്കി, എന്നാൽ അത് ചില ഉപയോക്താക്കൾക്ക് ആശയക്കുഴപ്പമുണ്ടാക്കുകയും അതിനാൽ ഇടാപാടുകളിൽ പലതും എത്തിച്ചേരേണ്ടയിടത്ത് ചെന്നു ചേരാതെ ബാങ്കുകളിൽ തന്നെ കെട്ടി കിടക്കുന്ന അനുഭവം സംജാതമായി. അതിന് പരിഹാരം എന്ന നിലയിൽ നൂതനമായ ചില സംവിധാനങ്ങൾ കൂടെ ചേർത്ത് പരിഷ്കരിച്ച് ബിസിനസ്സ് ഐഡന്റിഫയർ കോഡും സ്വിഫ്റ്റും കോഡും ചേർത്തു. അതിനാൽ ഇടപാടുകളിലെ പിശകുകൾ ഇല്ലതായി സുതാര്യമായി മാറി. ഇന്റർനാഷണൽ ബാങ്കിഗ് അക്കൗണ്ട് ആരംഭിക്കുന്നതിനെ മുന്നമെ പണം അയക്കുമ്പോൾ അല്ലെങ്കിൽ കൈമാറ്റം ചെയ്യപ്പെടുമ്പോൾ പണം സ്വീകരിക്കുന്ന വ്യക്തിയുടെ വിവരങ്ങൾ ബാങ്കുകൾക്ക് അറിയുവാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ നടത്തുന്ന ഇടപാടുകളെ സാധുകരിക്കുന്നതിന് സാദ്ധ്യമായില്ല. കാരണം അങ്ങനെ പരിശോധിക്കുന്നതിന് ആവശ്യമായ പരിശോധനാ അക്കങ്ങൾ ഇല്ലായിരുന്നു. അതു നിമിത്തം ഇടപാടുകളിൽ വീഴ്ച സംഭവിക്കുകയും പണം അയക്കുന്നതും സ്വീകരിക്കുന്നതും ബാങ്കുകൾ അധിക ചെലവും ഭാരിച്ച ഉത്തരവാദിത്വം പേറുന്നതുമായി. ഈ പ്രയാസങ്ങൾ മറികടക്കാൻ ഐഎസ്ഒ നല്കിയ നിർദ്ദേശം യുറോപ്പിലെ ബാങ്കിഗ് നിലവാര കമ്മറ്റി അംഗീകരിച്ച് ഒരു പുതിയ നിയമ വ്യവസ്ഥ ഉണ്ടാക്കി. അതിനാൽ ഒരു വ്യക്തിയുടെ അക്കൗണ്ട് ഏത് രാജ്യത്ത് ആയിരുന്നാലും പണം അയക്കുന്നതിന് മുന്നമെ പണത്തിന്റെ മൂല്യ നിർണയം നടത്തി രാജ്യങ്ങൾ തമ്മിൽ എത്ര ദുരം ഉണ്ടെങ്കിലും രാജ്യത്തിന്റെ കോഡും, ബാങ്കിന്റെ ബ്രാഞ്ച് കോഡും ഉപയോഗിച്ച് പണം അയച്ച് ഇടപാടുകൾ സുഗമമാക്കി. ഇത്തരം നൂതനമായ സംവിധാനത്തെ ഏകീകരിക്കുന്നതിന് ഒരു കമ്പ്യൂട്ടറിന്റെ സഹായം ആവശ്യമായിരുന്നു. നൂതനമായ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസൽസിൽ സ്ഥാപിച്ചു കഴിഞ്ഞു. മൃഗം എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ആ കമ്പ്യൂട്ടറിലേക്ക് ലോകത്തിലെ വ്യാപരവും വിനിമയവും ബന്ധപ്പെടുത്തി കഴിഞ്ഞു. ഇതിനർത്ഥം ലോകത്തെ മുഴുൻ നീയന്ത്രിക്കുന്ന ഒരു ഏകലോകഭരണം നമ്മുടെ പടി വാതില്ക്കൽ എത്തിക്കഴിഞ്ഞു എന്നാണ്. ആ ഭരണാധികാരി ഭരണം ഏല്ക്കുന്നതിനു മുന്നമെ കർത്താവിന്റെ സഭ ഇവിടെ നിന്നും മാറ്റപ്പെടും അതിനാൽ സമയമടുത്ത് എന്ന ഓർത്ത് നമുക്ക് ഒരുങ്ങാം.




# വീണ്ടും ഒരവധിക്കാലം.... വിബിഎസ്സ് വരവായി...



ബിനു ജോസഫ്
വടശ്ശേരിക്കര



കുട്ടികളുടെ അവധിക്കാലം ആഹ്ലാദത്തിന്റെയും, വിജ്ഞാനത്തിന്റെയും, ആത്മീയ പഠനങ്ങളുടെയും ദിവസങ്ങളായി മാറ്റുവാൻ വി ബി എസ്സിനു കഴിയും. വി ബി എസ്സ് (വെക്കേഷൻ ബൈബിൾ സ്കൂൾ) എന്ന അവധിക്കാല പാഠ്യപദ്ധതി എത്തിയിട്ട് 65 വർഷത്തോളം ആയി. വിദേശ വനിതകളായ ........... എന്നിവരാണ് ബാംഗ്ലൂരിൽ ബാംഗാരപ്പേട്ട കേന്ദ്രമാക്കി വിബിഎസ്സ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഏകദേശം 60 വർഷമായി വിബിഎസ്സ് പ്രവർത്തനങ്ങൾ കേരളത്തിൽ എത്തിയിട്ട്. ശ്രീ കെ സി. ചെറിയാനാണ് കേരളത്തിലെ വിബിഎസ്സ് പ്രവർത്തനങ്ങളുടെ അമരക്കാരൻ. 60 വർഷം പിന്നിടുമ്പോൾ കേരളത്തിൽ വ്യത്യസ്ത സഭകൾക്കായി നിരവധി വിബിഎസ്സ് പ്രവർത്തനങ്ങൾ ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു.

വേർപെട്ട ചർച്ചുകളിൽ ഇന്ന് നിരവധി വിബിഎസ്സ് പ്രവർത്തനങ്ങൾ നിലവിലുണ്ട്.

വിബിഎസ്സ് മിനിസ്ട്രീസ്, എക്സൽ വിബിഎസ്സ്, ചിൽഡ്രൻസ് ഫെസ്റ്റ്, പവ്വർ വിബിഎസ്സ്, 5 day വിബിഎസ്സ്, എസ്സ് ബി എസ്സ്, സേവാ ഭാരത്, എന്നിവ അതിൽ തന്നെ പ്രധാനപ്പെട്ടവയാണ്. കഴിഞ്ഞ 10 വർഷത്തിനിടയിലാണ് ഇവയിൽ പലതും ആരംഭിച്ചതും.

**ആനന്ദം പകരാൻ വിബിഎസ്സ്:**

വ്യത്യസ്തമായ പഠന മാധ്യമങ്ങൾ ഉപയോഗിച്ച് കുഞ്ഞുങ്ങൾക്കായി നൽകുന്ന 5 മുതൽ 10 വരെ ദിവസങ്ങളൾ നീണ്ടു നിൽക്കുന്ന പാഠ്യ പദ്ധതിയാണ് വിബിഎസ്സ്. പാട്ടുകളും, കഥകളും, അഭിനയ ഗാനങ്ങളും, വീഡിയോ, ഗെയിംസ്, ബൈബിൾ പാഠങ്ങൾ, ചിത്രീകരണങ്ങൾ എല്ലാം വിബിഎസ്സിന്റെ ഭാഗങ്ങൾ ആണ്. ഏകദേശം 3-4 മണിക്കൂർ ആണ് ഓരോ ദിവസവും വിബിഎസ്സിനായി ആവശ്യമുള്ളത്. ബൈബിൾ പാഠങ്ങൾ കഥാരൂപത്തിലും ഗാനരൂപത്തിലും നൽകുന്നതിനാൽ കുട്ടികൾക്ക് ഇത് ഏറെ ആസ്വാദ്യകരമാണ്.

**കുഞ്ഞുങ്ങളെ അറിഞ്ഞ് വചനം നൽകാൻ.**

വിബിഎസ്സ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർ പുതിയ വർഷത്തേക്കുള്ള പാഠങ്ങൾ പാട്ടുകൾ ഇവയ്ക്കായി വളരെ അധികം സമയം ചിലവിടാറുണ്ട്. ഓരോ കാലഘട്ടത്തിലും കുഞ്ഞുങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തി അവർക്ക് ആസ്വാദ്യകരവും ഒപ്പം കാലാനുസൃതവുമായതുവേണം നൽകാൻ. സണ്ടഡേസ്കൂൾ സിലബസ്സുകൾ പോലെയാകരുത് വിബിഎസ്സ് പാഠ്യ പദ്ധതി. എല്ലാ വർഷവും പുതിയതാണ് വേണ്ടത്. ഇന്നത്തെ ആനുകാലിക മാധ്യമങ്ങളുടെ അതി പ്രസരം വിലയിരുത്തി പാഠ്യപദ്ധതികൾ തയ്യാറാക്കുക. അല്പം ബുദ്ധിമുട്ടേറിയ പ്രവർത്തനമാണ്. ഒരു കാലത്ത് വിബിഎസ്സുകളിൽ ഉപയോഗിച്ചിരുന്ന പ്ലാനൽ തുണികളും ചിത്രങ്ങളുമായിരുന്നു. ഇന്ന് ഇത് പുറന്തള്ളപ്പെട്ടുകഴിഞ്ഞു. ടി.വി., ഇന്റർ നെറ്റ് മാധ്യമങ്ങൾ കുഞ്ഞുങ്ങളുടെ ജീവിതത്തിന്റെ താളം കൂട്ടി. അതുകൊണ്ടുതന്നെ വീഡിയോകൾ നിശ്ചചിത്രങ്ങൾക്ക് വഴിമാറി. ഗാനങ്ങളുടെ താളത്തിനും വേഗതയേറി. പൊതുവെ ജീവിതം തന്നെ ത്വരിതഗതിയിലായി. നവീന ആശയങ്ങളും കാലോചിതമായ മാറ്റങ്ങളും അനിവാര്യമായി വന്നു.

**കാഴ്ചപ്പാടുകൾ .....വ്യത്യസ്തം**

ഒരു വിബിഎസ്സ് പാഠ്യപദ്ധതി എന്നതിലുപരിയായി ഇതിന്റെ പുറകിൽ പ്രവർത്തിക്കുന്നവരുടെ കാഴ്ചപ്പാടാണ് പ്രധാനം. എവിടേക്കാണ് കുഞ്ഞുങ്ങളെ നയിക്കുന്നത്? ഈ അഞ്ചോ പത്തോ ദിവസങ്ങൾക്കൊണ്ട് അവർക്ക് നാം നൽകുന്നത് എന്താണ്? ചില സഭകൾ പറയും ഞങ്ങളുടെ വിബിഎസ്സിൽ കുട്ടികൾ ഏറ്റവും സന്തോഷിക്കണം മറ്റു ചിലർ പറയും ചിലരെങ്കിലും ഈ വിബിഎസ്സിൽ രക്ഷിക്കപ്പെടണം, ചിലരെങ്കിലും സുവിശേഷവേലക്കായി സമർപ്പിക്കണം വിബിഎസ്സ് വിനോദം മാത്രം പകരുന്ന ഒന്നാകരുത്. കുഞ്ഞുങ്ങൾക്ക് ദൈവ വചനം ക്രമീകൃതമായി നൽകുവാൻ ഈ സമയം വിനിയോഗിക്കണം.

**ചെലവു ചുരുക്കൽ...**

ഈ കഴിഞ്ഞ ദിവസം ഒരു വിബിഎസ്സ് സംഘാടകൻ എന്നോടു പറഞ്ഞു സാറേ ഞങ്ങൾക്കും വേണം വിബിഎസ്സ്, പക്ഷേ കുട്ടികൾക്കുള്ള പുസ്തകം വാങ്ങാൻ ഞങ്ങൾക്ക് പണമില്ല. ഏകദേശം 2.5 ലക്ഷം രൂപയുടെ ബഡ്ജറ്റിൽ നടത്തുന്ന വിബിഎസ്സിന് കുട്ടികളുടെ സാമഗ്രഹികൾ വാങ്ങാൻ പണമില്ലപോലും. ഡാൻ പറഞ്ഞു ഏകദേശം 10% മാത്രമാണ് കുട്ടികളുടെ പുസതകങ്ങളുടെ ചെലവ്. അതില്ലെങ്കിൽ പിന്നെ അവർക്കു വേണ്ടി എന്താണ് നൽകുന്നത്? അദ്ദേഹം പറഞ്ഞു എല്ലാ ദിവസവും വിപുലമായ ആഹാരം നൽകും. വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്, പക്ഷേ പുസ്തകത്തിന് പണമില്ല. പല വിബിഎസ്സ് സംഘാടകരും അനാവശ്യ കാര്യങ്ങൾക്ക് കൂടുതൽ പണവും ആവശ്യ കാര്യങ്ങൾക്ക് പണമില്ലായെന്ന് പറഞ്ഞ് തടിതപ്പുന്നവരാണ്. ആത്മീയ ആഹാരം ആണ് മുഖ്യം. അതിന് പ്രാധാന്യം നൽകുന്നില്ലെങ്കിൽ വിബിഎസ്സുകൾ വെറും ചെലവായിത്തീരും.

**വിബിഎസ്സുകൾ അനിവാര്യം..**

കുഞ്ഞുങ്ങൾക്ക് സഭകൾ നൽകേണ്ടത് നൽകിയില്ലെങ്കിൽ അവർ ആത്മീയ

06

# അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ഉദ്ഘാടനം ചെയ്തു



ഐപിസി വൈക്കം സെന്റർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കടുത്തുരുത്തിയിൽ, ബ്രദർ കുര്യൻ ജോസഫ് (ഐപിസി സംസ്ഥാന സൺഡേസ്കൂൾ ഡയറക്ടർ) ഉദ്ഘാടനം ചെയ്തു. സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് അധ്യക്ഷത വഹിച്ചു. പാസ്റ്റർ എം എം പീറ്റർ സമർപ്പണ പ്രാർത്ഥന നടത്തി. പാസ്റ്റർ എം. ബി. ജയിംസ് സങ്കീർത്തനം വായിച്ചു. കെ. എം. റസ്സൽ, ഡോ. ഓമന റസ്സൽ, ജെ. ദാനിയേൽ, കെ. കെ. ശശീന്ദ്രൻ എന്നിവർ ആശംസകൾ അറിയിച്ചു. വിശ്വാസികളും അനേക ദൈവദാസീദാസന്മാരും പങ്കെടുത്തു.

**അനുസ്മരണം**

# പ്രസംഗവിസ്മയം വിടപറയുമ്പോൾ



**അനിൽ കൊടിത്തോട്ടം**

മലയാള ക്രൈസ്തവലോകം കണ്ട ഉജ്ജ്വല പ്രസംഗകനായിരുന്ന തിരുവട്ടാർ കൃഷ്ണൻകുട്ടി വിടവാങ്ങി. വിജ്ഞാനം, സ്വരഗാംഭീര്യം, പ്രത്യുല്പ്പന മതിത്വം, ആശയദൃഢത, നിലപാട്, സ്വതന്ത്ര വീക്ഷണം അങ്ങനെ ഒരു പ്രസംഗകനുവേണ്ട ഗുണഗണങ്ങൾ സ്വന്തം ജീവിതത്തിൽ പ്രകടമാക്കിയ പ്രതിഭാധനനായിരുന്നു അദ്ദേഹം. സാധാരണ ബ്രദറൺകാരുടെ പ്രസംഗം പരമബോറൻ അനുഭവമായിട്ടാണ് പൊതുവെ വിലയിരുത്തുന്നതെങ്കിൽ കൃഷ്ണൻകുട്ടി തന്റെ പ്രസംഗത്തിൽ കേൾവിക്കാരനിൽ ആവേശത്തിന്റെ അലയൊലികൾ നിലയ്ക്കാതെ നിലനിർത്തുന്ന ആവിഷ്കാര വൈഭവം പ്രകടമാക്കിയിരുന്നു.

ബ്രദറൺ സഭയിലും പെന്തെക്കോസ്ത് സഭകളിലുമൊക്കെ പിൻക്കാലത്ത് വന്ന പ്രസംഗകർ കൃഷ്ണൻകുട്ടിയുടെ പ്രസംഗത്തെ അപ്പാടെ അനുകരിക്കുന്ന സ്ഥിതി വിശേഷമുണ്ടായി. പെന്തെക്കോസ്ത് പ്രസംഗകനായ രാജു മേത്രയുടെ വെളിപ്പാട് പുസ്തക പ്രസംഗം കൃഷ്ണൻകുട്ടിയുടെ പത്മോസിലെ ക്രിസ്തു എന്ന പുസ്തകത്തിന്റെ പദാനുപദപ്രയോഗമാണ്. ജോസഫ് ഏബ്രഹാമിന്റെ പ്രസംഗത്തിൽ കൃഷ്ണൻകുട്ടി കൃതിയുടെ ഗണ്യമായ സ്വാധീനം ഉണ്ട്. എബി ഏബ്രഹാമിന്റെ മണിപ്രവാളശൈലിയും ആർ.കെ.യുടെ സ്വാധീനത വ്യക്തമാണ്. തിരുവട്ടാർ ശൈലി അനുകരിച്ച് ഹാസ്യാത്മകമായ നിലവാര അധഃപതനം സംഭവിച്ച പ്രസംഗകനാണ് കെ. എ. ഏബ്രഹാം. ബ്രദറൺ പ്രസംഗകർ മിക്കവരുംതന്നെ കൃഷ്ണകുട്ടിയുടെ ശൈലിയെ അപ്പാടെ പകർത്തുന്നവരാണ്. കെ. സി. തങ്കരാജൻ പ്രസംഗത്തിലും പുസ്തകരചനയിലും തിരുവട്ടാറിന്റെ അനുകാരിയാണ്.

ഒരു പ്രസംഗകൻ എന്ന നിലയിൽ തിരുവട്ടാറിന്റെ സ്ഥാനം ഇന്നുള്ള ഏതൊരാൾക്കും മീതെയാണ്. മതേതരലോകം പ്രസംഗകരായി കാണുന്ന രാഷ്ട്രീയപ്രമുഖരും ഇതരമത പ്രഭാഷകരും വിസ്മയത്തോടെ മാത്രമാണ് കൃഷ്ണൻകുട്ടിയുടെ പ്രസംഗത്തെ കണ്ടുപോന്നത്. ഗ്രന്ഥകാരൻഎന്ന നിലയിലും അദ്ദേഹം മികവുറ്റ സംഭാവനകൾ ക്രൈസ്തവകൈരളിക്ക് നൽകി. അദ്ദേഹത്തിന്റെ മലാഖി മുതൽ ക്രിസ്തുവരെ, അപ്പോസ്തലനായ പൗലോസ് ഇവ പാശ്ചാത്യഗ്രന്ഥങ്ങളോട് കിടപിടിക്കുന്ന നിലവാരത്തിലുള്ളതാണ്.

അന്യഭാഷണം, പ്രജാപതി തുടങ്ങിയ വിവാദങ്ങളിൽ ഈ ലേഖകൻ തിരുവട്ടാറിന്റെ നിലപാടുകളോട് വിയോജിച്ച് എഴുതിയിട്ടുണ്ട്. എന്നാൽ അങ്ങേയറ്റം ആദരവോടെയും ബഹുമാനത്തോടെയും മാത്രമേ ഈ ദൈവദാസനെ നമുക്ക് സ്മരിക്കാനാവൂ. ആർ.കെ. പ്രചോദിപ്പിച്ച നൂറുകണക്കിന് പ്രസംഗകരുണ്ട്. അടുക്കുംചിട്ടുയുമുള്ള അദ്ദേഹത്തിന്റെ എഴുത്തിനെ അനുകരിച്ചവരുണ്ട്. ചുരുക്കത്തിൽ അദ്ദേഹം ഒരു റോൾമോഡൽ ആകുകയായിരുന്നു. അദ്ദേഹം പ്രസംഗകനായിരുന്ന കാലഘട്ടം ബ്രദറൺ സഭയുടെയും സുവർണ്ണദശയായിരുന്നു. പെന്തെക്കോസ്ത് സഭകളിലെന്നപോലെ ബ്രദറൺ പ്രസ്ഥാനത്തിൽ രാഷ്ട്രീയഅതിപ്രസരവും ശീതസമരവും വല്ലാതായിരിക്കുന്ന കാലമാണിത്. കൃഷ്ണൻകുട്ടിയുടെ അഭാവം ഈ പ്രസ്ഥാനത്തെ കൂടുതൽ നിർജ്ജീവമാക്കും. പെന്തെക്കോസ്ത് സഭകളെയും നന്നായി വിമർശിക്കുമ്പോൾ തന്നെ അതിന്റെ ഊർജ്ജസ്വലതയെ ആദരിച്ച കൃഷ്ണൻകുട്ടി വിടപറയുമ്പോൾ സർഗ്ഗാത്മകസം വാദത്തിന്റെയും ഈടുറ്റ ചിന്താ വൈഭവത്തിന്റെയും ഒരു കാല ഘട്ടം അസ്തമിക്കുകയാണ്.

ക്രൈസ്തവ സാഹിത്യത്തിൽ പ്രഭാഷണവേദികളിൽ തിരുവട്ടാർ പാകിയ പദങ്ങൾ പിൽക്കാല ക്രൈസ്തവ സഭ വിശേഷിച്ച് വേർപ്പെട്ട വിശ്വാസസമൂഹം അപ്പാടെ ഏറ്റെടുത്തു. കവലപ്രസംഗം, പ്രോദ്ഘാടനം, ഉപോദ്ഘാതം, അവനീമുഖം, അവിരാമം തുടങ്ങി അദ്ദേഹം തൊടുത്തുവിട്ട പദങ്ങൾ അർത്ഥം അറിഞ്ഞോ അറിയാതെയോ പിൽക്കാല തലമുറ ഏറ്റെടുത്തു. ചങ്കും വിരിച്ച് ഉശിരോട് നിന്ന് ക്രിസ്തുവിനെ കവലകളിൽ പ്രസംഗിക്കുന്ന തിരുവട്ടാർ ശൈലി പഴയ ഏറ്റുപറച്ചിൽ സംസ്കാരത്തിന്റെ വിപരീത ദിശയിൽ പുത്തൻ നിലപാടും അഭിമാനകരമായ അനുഭവമായി മാറി.

എം.എം. അക്ബർ എന്ന ഇസ്ലാമിക പ്രസംഗകൻ ബൈബിൾ വിഷയങ്ങളെ പൊതുസമൂഹ മദ്ധ്യേ ഇകഴ്ത്തിയും ആക്ഷേപിച്ചും നടത്തിപ്പോന്ന സംവാദപരിപാടികളിൽ പങ്കെടുത്ത പല സുവിശേഷകന്മാരും പ്രതിവാദം പറയുവാൻ കഴിയാതെ വന്നു. പെരുമ്പാവൂർ സംഘടിപ്പിച്ച മഹായോഗത്തിൽ ആയിരങ്ങളെ സാക്ഷിനിർത്തി തിരുവട്ടാർ നടത്തിയ നാലുമണിക്കൂർ ഖണ്ഡനപ്രസംഗം അക്ബറുടെ ചീട്ടുകൊട്ടാരം തകർന്നടിയാൻ കാരണമായി. ഒരു മുഖാമുഖ സംവാദത്തിന് ഇനിയൊരിക്കലും കൃഷ്ണൻകുട്ടിക്കുമുമ്പിൽ വരാൻ കൂട്ടാക്കാത്ത അക്ബർ കുറേ നാളേക്ക് നിശബ്ദനായി. തിരുവട്ടാറിന് പ്രചോദനം ഉൾക്കൊണ്ട് നിരവധിപേർ ബ്രദറൺ പെന്തെക്കോസ്ത് മുഖങ്ങളിൽ നിന്ന് ഇസ്ലാമിക സംവാദത്തിൽ കരുത്തരായി മുമ്പോട്ട് വന്നു. ജെറി, അനിൽകുമാർ വി. അയ്യപ്പൻ, വർഗീസ് എം. സാമുവേൽ, സോളമൻ മാസ്റ്റർ അങ്ങനെ നിരവധി പേർ. നിരാശയിലാണ്ടുപോയ ഇസ്ലാമിക സംവാദകർ അൽഹൈമേഴ്സ് ബാധിച്ച തിരുവട്ടാറിനെ രോഗകിടക്കയിൽ കണ്ട് 'സംവാദം' നടത്തി. സുവിശേഷകൻ ബൈബിളിനെ തള്ളിപ്പറയുന്നു എന്നൊരു ലേഖനവും സ്നേഹസംവാദത്തിൽ കൊടുത്തു. പഴയ പുതിയനിയമങ്ങൾ തമ്മിലുള്ള താരതമ്യത്തിൽ ആയുധം എടുക്കൽ സംബന്ധിച്ചുള്ള സംഘർഷമായിരുന്നു പ്രമേയം. പഴയ കൃഷ്ണൻകുട്ടിയുടെ നിഴൽ മാത്രമായിരുന്ന ശയ്യാവലമ്പിയായ മനുഷ്യനോട് എന്തെക്കൊയോ ചോദിച്ച് നടത്തിയ അഭിപ്രായപ്രകടനങ്ങളാണ് ഇവർ രേഖയാക്കിയതെന്നോർക്കണം. അദ്ദേഹത്തിന്റെ സുബോധമുള്ള കാലത്തൊന്നും ഇവർക്ക് അദ്ദേഹത്തെ ആശയയുദ്ധത്തിൽ കീഴ്പ്പെടുത്താനായിട്ടില്ല. പ്രചോദനം ഉൾക്കൊണ്ട് പുതുതലമുറയ്ക്ക് മുമ്പിലും അക്ബറിസം ഇപ്പോൾ ക്ലച്ച് പിടിക്കുന്നില്ലെന്നോർക്കണം.

എഴുത്തുകാരൻ, ബൈബിൾ ചിന്തകൻ, സോഷ്യലിസ്റ്റ് ബോധമുള്ള സുവിശേഷ പ്രഭാഷകൻ, ആദർശവാദി എന്നീ നിലകളിൽ ക്രൈസ്തവ കൈരളിക്ക് അഭിമാനമായിരുന്ന ആർ.കെ. എന്ന പ്രസംഗവിസ്മയം സൃഷ്ടിച്ച ശൂന്യതയുടെ ആലസ്യം വീർപ്പുമുട്ടിക്കുന്ന മനസ്സോടെ ഈ കുറിപ്പ് അവസാനിപ്പിക്കുമ്പോൾ പ്രത്യാശയുടെ തുറമുഖത്ത് സജീവതയിൽ ഈ ആലസ്യം ആനന്ദനിർഭലമാകും എന്നത് പ്രതീക്ഷ നൽകുന്നു.

# ആതുര സേവനത്തിന് ആംബുലൻസ്



**വൈക്കം:** അറുപത് വർഷത്തെ പ്രവർത്തന മികവുമായി ഐപിസി വൈക്കം സെന്റർ ചുവടുവെക്കുന്നത് പെന്തക്കോസ്തിന്റെ പുതുചരിത്രത്തിലേക്കാണ്. കാലം പകർന്നു നല്കിയ അനുഭവങ്ങളും പ്രതീക്ഷകളും മുതൽ കൂട്ടാക്കി സാമൂഹിക പ്രതിബദ്ധതയുടെ വഴിത്താരയിലൂടെയാണ് പുതിയ യാത്ര. അതിൽ വ്യക്തികൾക്കോ സംഘടനകൾക്കോ അല്ല പ്രാധാന്യം സമൂഹത്തിനാണ്. വൈക്കം സെന്റർ വജ്രജൂബിലി സമാപന സമ്മേളനത്തിൽ മുൻ ഗവൺമെന്റ് ചീഫ് വിപ്പും പൂഞ്ഞാർ എം. എൽ.എയുമായ പി. സി. ജോർജ് ആംബുലൻസ് നാടിന് സമർപ്പിച്ചു.

ആദ്യ ഘട്ടത്തിസ് രണ്ട് സംരംഭങ്ങളാണ് ലക്ഷ്യമിടുന്നത്. നിർധനർക്കും അശരണർക്കും സഹായമാകുന്ന ആംബുലൻസ് സർവ്വീസ് ലാഭേച്ഛയില്ലാതെ പൊതുസമൂഹത്തിനൊന്നാകെ പ്രയോജനപ്രദമാകുന്ന തരത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. വിശ്വാസികളെന്നോ അവിശ്വാസികളെന്നോയുള്ള വേർതിരിവില്ലാതെയാണ് പ്രവർത്തനങ്ങൾ. പ്രകൃതി ദുരന്തങ്ങൾ നേരിടുമ്പോഴും, മറ്റ് ആവശ്യങ്ങൾക്കും ലാഭേച്ഛകൂടാതെ പ്രവർത്തന നിരതമായി വൈക്കം സെന്റർ ആംബുലൻസുണ്ടാകും.

# പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിനെ ആദരിച്ചു



**കുമ്പനാട്:** ഹെബ്രോൻ ബൈബിൾ കോളജ് & ഇന്ത്യാ ബൈബിൾ കോളജ് പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ ഐ.ബി.സി പ്രസിഡണ്ട് എമിരറ്റ്സ് പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിനെ ആദരിച്ചു. ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ ജേക്കബ് വർക്കി, ജനറൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യൂ, ട്രഷറാർ പാസ്റ്റർ ലാലു കോശി, വൈസ് പ്രസിഡന്റ് സജി മത്തായി തുടങ്ങിയവർ സെമിനാരി ഗ്രാഡുവേഷനോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ ഫലകം നൽകി ആദരിച്ചത്.


## ആത്മീക ആരാധനയ്ക്കും കൂട്ടായ്മയ്ക്കും ബന്ധപ്പെടുക

**ഫിലദൽഫിയ:** ഫിലദൽഫിയായിൽ ബൻശാലേം എന്ന സ്ഥലത്തുള്ള ബസ്റ്റ് വേസ്റ്റേൺ (Best Western Plus) പ്ലസ് ഹോട്ടലിന്റെ ബാൾറൂമിൽ വെച്ച് ഞായറാഴ്ച രാവിലെ 10 മുതൽ 12 വരെ ആത്മീക ആരാധന നടത്തപ്പെടുന്നു. ഫിലദൽഫിയായുടെ വിവിധ ഇടങ്ങളിൽ ആരാധന സൗകര്യം ആവശ്യമുള്ളവർ ഞങ്ങളുമായി ബന്ധപ്പെട്ടാൽ നിങ്ങൾക്കു ആത്മീക കൂട്ടായ്മയ്ക്കുള്ള സൗകര്യം ഒരുക്കി തരുന്നതാണ്. ഫെയ്ത്ത് അസംബ്ലി എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഈ ആത്മീക കൂട്ടായ്മയിലേക്ക് സഭാ വ്യത്യാസം കൂടാതെ ഏവരേയും ഹാർദവമായി സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കായി ഞങ്ങളും ആയി ബന്ധപ്പെടാവുന്നതാണ്. ആരാധന സ്ഥലത്തിന്റെ അഡ്രസ്സും ഞങ്ങളുടെ ഫോൺ നമ്പരുകളും ചുവടെ ചേർക്കുന്നു.

**FAITH ASSEMBLY**
Best Western Plus ,
3499 street Road
Bensalem, PA. 19020
Ph: 267 - 934 - 7855, 267 - 471 - 4490
Web : www.faithassemblyintl.org

## ചോദ്യോത്തരവേദി

# പണരഹിത സമൂഹത്തിലേക്ക് എത്രനാൾ?



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** ഞാനൊരു കത്തോലിക്കനാണ്. വയസ് 60. ഈശോ ഭൂമിയിൽ വീണ്ടും വരും എന്നൊരു പ്രസംഗം ഞാനിതുവരെ കേട്ടിട്ടില്ലായിരുന്നു. എന്നാൽ ഈയടുത്തിടെ ലോകാവസാനം ആകുമ്പോഴേക്കും ലോകം ഒരു നേതാവിന്റെ ഭരണത്തിൽ കീഴിലാകുമെന്നും പണരഹിത സമൂഹമായിരിക്കുമെന്നും വെളിപ്പാടു പുസ്തകം ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ലേഖനം വായിക്കാനിടയായി. മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലും ഓരോ ഗ്രാമങ്ങൾ കറൻസിരഹിത സമൂഹമായി മാറിയെന്ന് പത്രത്തിൽ വായിച്ചു. ഹൈദരബാദ് വിമാനത്താവളത്തിലെ പ്രവേശനവും യാത്രയും വിരലടയാളം ഉപയോഗിച്ചായിരിക്കും പ്രവർത്തനം എന്നും വായിച്ചു. ATM വഴിയുള്ള പണമിടപാടുപോലും നിർത്തലാകുമെന്നു വായിച്ചു. ATM -ൽ നിന്ന് കറൻസിരഹിത സമൂഹത്തിലേക്ക് മാറുന്നതിനെക്കുറിച്ചുള്ള വിശദീകരണം താങ്കളിൽ നിന്ന് പ്രതീക്ഷിക്കുന്നു.

– **ആന്റണി, തൃശൂർ**

**ഉത്തരം:** പുതിയനിയമത്തിലെ ഏറ്റവും വലിയ പ്രത്യാശാവിഷയങ്ങളിലൊന്ന് കർത്താവിന്റെ രണ്ടാം വരവാണ്. സഭയുടെ ഭരണഘടനെയെക്കാൾ പ്രാധാന്യം പുതിയനിയമ പുസ്തകങ്ങൾക്ക് കത്തോലിക്ക സഭ കൊടുക്കുന്ന കാലത്ത് പുരോഹിതരെയെല്ലാം വിവാഹം കഴിപ്പിക്കേണ്ടി വരും; കർത്താവിന്റെ രണ്ടാം വരവും പഠിപ്പിക്കേണ്ടിവരും. വലിയ താമസമില്ലാതെ അതെല്ലാം സംഭവിക്കും എന്ന് പ്രതീക്ഷിക്കാം. കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ 6 പ്രശസ്തരായ കത്തോലിക്കാ പുരോഹിതന്മാരാണ് ലൈംഗിക പിഡനത്തിന് കേരളത്തിൽ ജയിലിലായിരിക്കുന്നത്.

ലോകത്ത് ഉഗ്രന്മാരും ഭീകരന്മാരും വളരുന്ന കാലത്ത് ലോകം കറൻസിരഹിത സമൂഹത്തിലേക്ക് മാറിയേ പറ്റൂ എന്ന് ഭരണകർത്താക്കൾ ചിന്തിക്കുന്നു.

ATM വഴിയുള്ള പണമിടപാടു നിർത്തലാക്കി കറൻസി രഹിത സമൂഹത്തിലേക്ക് മാറുന്നതുകൊണ്ടുള്ള ഗുണങ്ങൾ (ഭരണകർത്താക്കൾ കണ്ടെത്തിയത്).

1. പരിസ്ഥിതി മലിനീകരണം തടയാൻ മരങ്ങൾ വെട്ടി നീക്കുന്നത് നിയന്ത്രിച്ചേ പറ്റൂ. കറൻസി ഉണ്ടാക്കാൻ ധാരാളം മരങ്ങൾ വെട്ടി കടലാസ് ഉണ്ടാക്കിയേ സാധിക്കുകയുള്ളൂ. കറൻസി ഇല്ലെങ്കിൽ മരങ്ങൾ ഈ ആവശ്യത്തിനുവേണ്ടി വെട്ടേണ്ട ആവശ്യമില്ല.

2.ATM-ൽ നിന്നുവരുന്ന കറൻസി നോട്ടിൽകൂടി രോഗാണാക്കുളെയും ജൈവായുധങ്ങളെയും നാട്ടിൽ പടർത്താൻ ഗവേഷണകേന്ദ്രങ്ങളുള്ള ഭീകരരുടെ പരീക്ഷണശാലകൾക്ക് കഴിയും.

3. സുരക്ഷാ ഉദ്യോഗസ്ഥർ പുറത്ത് കാവൽ നിൽക്കുമ്പോഴും, ATM കൗണ്ടറിൽ കൃത്രിമം കാണിക്കാൻ സാധിക്കും, ഇപ്പോഴും സാധിക്കുന്നുണ്ട്.

4. ക്യാമറ ഉണ്ടെങ്കിലും ATM-ൽ നിന്നുള്ള മോഷണം പലതും ഇപ്പോഴും പിടിക്കപ്പെടുന്നില്ല.

5. ഒരോ ATM കൗണ്ടറിലും സുരക്ഷാഭടന്മാരെ നിയോഗിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്.

6. ATM Card നഷ്ടപ്പെട്ടാൽ വീണ്ടും കാർഡ് ഉണ്ടാക്കണം. പാസ്‌വേർഡും അക്കൗണ്ട് നമ്പറും ഓർത്തിരിക്കണം.

**കറൻസിരഹിത സമൂഹം**

ഒരു വ്യക്തിയുടെ കണ്ണിന്റെ റെറ്റിനയുടെയോ വിരൽ അടയാളത്തിലോ അടിസ്ഥാനമിട്ട് ബാങ്ക് അക്കൗണ്ട് തുടങ്ങി, ആ അക്കൗണ്ടിനെ മൊബൈൽ ആപ്ലിക്കേഷൻ വഴി വ്യക്തിയുമായി ബന്ധിപ്പിക്കുന്നു. എല്ലാവ്യാപാര, പണ ഇടപാടുകൾക്കും അവിടെ വച്ചിട്ടുള്ള സെൻസറിന്റെ സഹായത്താൽ കണ്ണിന്റെ റെറ്റിനായുടെ ചിത്രം വഴിയോ വിരലടയാളം വഴിയോ വ്യക്തിയെ തിരിച്ചറിയുന്നു. ഓരോ മനുഷ്യനും രഹസ്യകോഡും മറ്റുവിവരങ്ങളും അക്കൗണ്ട് നമ്പറും പതിപ്പിച്ച ചിപ്പ് ശരീരത്തിൽ നിക്ഷേപിക്കുന്നു. ഈ ബയോമെട്രിക്ക് സംവിധാനം വഴി കറൻസിരഹിത സമൂഹത്തിലേക്ക് സമൂഹം നയിക്കപ്പെടുമ്പോൾ, ഒരു പണമിടപാടും ഭരണകർത്താക്കൾ അറിയാതെ നടത്താൻ പറ്റാതെ വരും. അങ്ങനെ കള്ളനോട്, ഭീകരപ്രവർത്തനത്തിനുള്ള പണമിടപാട്, കറൻസിവഴിയുള്ള ജൈവായുധവ്യാപനം എല്ലാം തടയാൻ പറ്റും. ജനത്തിന് പാസ്‌വേർഡോ അക്കൗണ്ട് നമ്പറോ ഒന്നും ഓർത്തുവയ്ക്കേണ്ട ആവശ്യവുമില്ല. കാരണം ശരീരത്തിൽ നിക്ഷേപിച്ചിരിക്കുന്ന ചിപ്പിൽ ഈ വിവരങ്ങളെല്ലാമുണ്ട്. ഒരു മനുഷ്യന്റെ ബാങ്ക് വിവരങ്ങൾ കൂടാതെ മെഡിക്കൽ വിവരങ്ങൾ, പാസ്പോർട്ടോ തിരിച്ചറിയൽ കാർഡോ ഇല്ലാതെ യാത്ര ചെയ്യാനുള്ള അവസരമാണ് ഈ ചിപ്പിൽ കൂടി സാധ്യമാകുന്നത്. ബൈബിൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "...ചെറിയവനും വലിയവനും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടും. മുദ്രയുള്ളവനല്ലാതെ വാങ്ങുകയും വില്ക്കുകയും ചെയ്യുവാൻ കഴിയാതെയും വരും" (വെളിപ്പാട് 13:16,17, സ്വതന്ത്ര പരിഭാഷ).

**സകല ജാതിമേലും വംശത്തിന്മേലും അധികാരമുള്ള ഒരു മനുഷ്യൻ ലോകത്തിന്റെ ആവശ്യമായി മാറാൻ പോകുന്നു.**

എല്ലാ രാജ്യങ്ങളിലുമുള്ള **യുവജനങ്ങളെ** ഏകോപിപ്പിക്കുന്ന ഒരു സ്വഭാവം നമുക്ക് ഈ കാലഘട്ടത്തിൽ കാണാം. തങ്ങളുടെ മതത്തെയും സംസ്കാരത്തെയും അതിജീവിച്ചുകൊണ്ടുള്ള ഇന്റർനെറ്റ് സൗഹൃദകൂട്ടായ്മകൾ, ഒരേതരം കാറുകൾ, ഒരേതരം ജീൻസ് (വസ്ത്രങ്ങൾ), ഒരേതരം പാനീയങ്ങൾ (കോളകൾ), ഒരേതരം പാട്ടുകൾ, ഒരേതരം സിനിമകൾ, ഒരേതരം വാർത്താവിനിമയ രീതികൾ, ഒരേതരം പാഠ്യവിഷയങ്ങളും പഠനരീതികളും ഒരേതരം വീടുകളും വീട്ടുപകരണങ്ങളും ഒരേതരം സർക്കാർ (സ്വതന്ത്ര ജനാധിപത്യം). ലോകജനതയുടെ ചിന്തയും സ്വപ്നങ്ങളും സ്വഭാവരീതികളും ഒന്നായിക്കൊണ്ടിരിക്കുന്നു. വ്യക്തിയുടെതാണെങ്കിലും സമൂഹത്തിന്റേതാണെങ്കിലും ചിന്തകളും സ്വപ്നങ്ങളുമാണ് യാഥാർത്ഥ്യമാകുന്നത്. ബൈബിൾ ആ വ്യക്തിയെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു: "...സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു". (വെളിപ്പാട് 13:7).

അക്ഷര നഗരിയിൽ
ആരാധനയ്ക്കായി സ്വാഗതം

കോട്ടയം പട്ടണത്തിൽ എത്തുന്നവർക്ക്
ആത്മീയ ആരാധനയ്ക്കായി സ്വാഗതം.



പാസ്റ്റർ സജി മുട്ടം
നേതൃത്വം നൽകുന്നു.

ആരാധന: ഞായർ രാവിലെ 10 -12 വരെ
സ്ഥലം: വൈ. എം. സി. എ. ബോർഡ് റൂം കോട്ടയം

പാസ്റ്റർ സജി മുട്ടം
ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ
കോട്ടയം സിറ്റി ചർച്ച്
ഫോൺ: 9961114001



## വൈ.പി.ഇ. കേരളാ സ്റ്റേറ്റ് പത്തനംതിട്ട സോണൽ ക്യാമ്പ്

**പത്തനംതിട്ട:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ യുവജന വിഭാഗമായ വൈ. പി. ഇ. പത്തനംതിട്ട സോണൽ ക്യാമ്പ് 2017 ഏപ്രിൽ 10-12 വരെ ചരിത്രപ്രസിദ്ധമായ നിലക്കൽ എക്യുമെനിക്കൽ ക്യാമ്പ് സെന്ററിൽ വച്ച് നടക്കുമെന്ന് സോണൽ കോർഡിനേറ്റർ പാസ്റ്റർ റെജിമോൻ കെ. വൈ. അറിയിച്ചു.

കൗൺസിലിംഗ്, മൂവിഷോ, ടാലന്റ് ഷോ, സിംപോസിയം, ഗ്രൂപ്പ് ചർച്ചകൾ, ഡിബേറ്റ്, കിഡ്സ് പ്രോഗ്രാം, ഫാമിലി കോൺഫറൻസ്, പാസ്റ്റേഴ്സ് കോൺഫറൻസ്, കാത്തിരിപ്പ് യോഗം, മ്യൂസിക് നൈറ്റ് എന്നിവ ക്രമീകരിച്ചിരിക്കുന്നു. ഡോ. ഐസക് വി. മാത്യു, ഡോ. സജി കെ. പി., പാസ്റ്റർ പ്രിൻസ് തോമസ് റാന്നി എന്നിവർ വിവിധ ക്ലാസ്സുകൾ നയിക്കുന്നു. ഇമ്മാനുവേൽ ഹെൻട്രി, ലോഡ്സൺ ആന്റണി എന്നിവർ നയിക്കുന്ന മ്യൂസിക് നൈറ്റ്, എക്സൽ മിനിസ്ട്രീസ് നയിക്കുന്ന കിഡ്സ് പ്രോഗ്രാം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

01 ↰ **ദൈവവചനത്തിലേക്ക് മടങ്ങി....**

സമൂഹത്തിൽ വളരുവാൻ കാരണം. കാലഹരണപ്പെട്ട രീതികളും പാരമ്പര്യ രീതീകകളും മാറ്റി ഉപദേശത്തിൽ അല്പം പോലും അയവു വരുത്താതെ സത്യ വചനത്തെ മുറകെപ്പിടിച്ച് നമ്മുടെ ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റൈറ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ പി. ജി മാത്യൂസ് സെമിനാർ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ പി. പി കുര്യൻ മോഡറേറ്ററായി പ്രവർത്തിച്ചു. പാസ്റ്റർ ഷൈജു തോമസ് സ്വാഗതം ആശംസിച്ചു. പാസ്റ്റർ ഷിബു കെ മാത്യു ആമുഖ പ്രസ്താവന നടത്തി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഓവർസിയർമാരായ സി. സി തോമസ്, കെ. സി സണ്ണിക്കുട്ടി, പാസ്റ്റർ എം കുഞ്ഞപ്പി, റൈറ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ പി. ജി മാത്യൂസ് എന്നിവരെ ആദരിച്ചു. പാസ്റ്റർ ജെ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു പ്രസ്താവന നടത്തി. സിസ്റ്റർ സൂസൻ ബി ജോൺ ആശംസ അറിയിച്ചു. പാസ്റ്റർമാരായ കെ. എസ് സിബിച്ചൻ, സുഭാഷ് ആനാരി, ലിസിയാമ്മ മാത്യൂസ്, റജീനാ ഫിലിപ്പ്, റെണാൾഡ് കെ. സണ്ണി, സാബു കൊച്ചുമ്മൻ എന്നിവർ നേതൃത്വം നല്കി.

01 ↰ **വീണ്ടും ഒരവധിക്കാലം....**

മായി ക്ഷീണിക്കും. ഇപ്പോൾ സ്കൂൾ പഠന കാലം മുതൽ തന്നെ പഠിക്കുന്ന മെഷീനുകളായി കുട്ടികളെ കാണുന്ന മാതാപിതാക്കൾ ഉണ്ട്. ആ ചിന്താഗതി മാറണം. കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി നല്ല വിബിഎസ്സുകൾ സംഘടിപ്പിക്കണം. കഴിയുമെങ്കിൽ മറ്റ് അവധിക്കാലങ്ങളിലും വിബിഎസ്സ് പോലുള്ള പാഠ്യപദ്ധതികൾ ആവിഷ്കരിച്ച് കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി ഉത്സാഹിപ്പിക്കണം. കുഞ്ഞുങ്ങളുടെ ഇടയിൽ പ്രത്യേക പരിശീലനം നേടിയവരാണ് വിബിഎസ്സുകൾക്ക് നേതൃത്വം നൽകേണ്ടത്. എല്ലാ സഭകളും സുവിശേഷ വയലുകളായി മാറാനും കുഞ്ഞുങ്ങളുടെ ആത്മീക വളർച്ചയും സഭകളുടെ ഉണർവ്വും ഇതിലൂടെ സാധ്യമാകും.

Patmos Ministries India

ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ ◉ ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ ◉ പ്രാർത്ഥനാ ഗോപുരങ്ങൾ ◉ കോൺഫ്രൻസുകൾ ◉ ക്രൂസേഡുകൾ ◉ തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ ◉ ഓർഫനേജുകൾ ◉ മിഷൻസ്കൂളുകൾ ◉ ജീവകാരുണ്യ സഹായം ◉ ബൈബിൾ വിതരണം ◉ ടി.വി. മിനിസ്ട്രി ◉ സ്വയംതൊഴിൽ സംരംഭങ്ങൾ ◉ ആതുരസേവനങ്ങൾ ◉ കംമ്പ്യൂട്ടർ സെന്റർ ◉ അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

# നിത്യതയിൽ



### പാസ്റ്റർ രാജൻ പരുത്തിമൂട്ടിൽ (76)

**ഡാളസ്:** എടത്വാ പരിത്തിമൂട്ടിൽ പാസ്റ്റർ രാജൻ പരിത്തിമൂട്ടിൽ (76) നിത്യതയിൽ. സംസ്ക്കാര ശുശ്രൂഷ മാർച്ച് 26 ന് മെസ്ക്കീറ്റിലുള്ള ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ ആരംഭിച്ച് ന്യൂഹോപ്പ് ഫ്യൂണറൽ ഹോം സെമിത്തേരിയിൽ പാസ്റ്റർ പി. ജെ. ജെയിംസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 1996ൽ താൻ കുടുംബസമ്മേതം അമേരിക്കയിൽ കടന്നു പോകുകയും ഡാളസ് ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അമേരിക്കയിലുള്ള മലയാളം പത്രങ്ങളിലും പെന്തക്കോസ്ത് മാസികകളിലും ലേഖനങ്ങൾ എഴുതിയിരുന്നു. ആരാധന, സർവ്വേശസമ്മാനസമാഹാരം എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫെല്ലോഷിപ്പിന്റെ അവാർഡിന് 3 തവണ അർഹനായി.

ഭാര്യ: പരേതയായ മറിയാമ്മ, മക്കൾ: ലവ്‌ലി, ലെവി, ലോഡ്സൺ, മരുമക്കൾ: പാ. ഷാജി തോമസ്, ബ്രൈറ്റി, സുനിത, കൊച്ചുമക്കൾ: ഷാലോം, ഷെർലിൻ, ലെബ്രിൻ, ലെവിൻ, ക്രിസ്സ്, ക്രിസ്റ്റിൻ, ക്രിഷാന.

### കെ. വി. എബ്രഹാം പൊന്നോലിൽ(90)



**ഫ്ളോറിഡ:** ഒർലാന്റോ ഇന്ത്യ പെന്തെക്കോസ്ത് സഭാംഗവും പൊന്നോലിൽ കുടുംബാംഗവുമായ ബ്രദർ കെ.വി. എബ്രഹാം നിത്യതയിൽ. സംസ്കാരം നടത്തി.

ഭാര്യ: ശോശാമ്മ എബ്രഹാം മക്കൾ: പരേതനായ ജോസ് പൊന്നോലിൽ, സാം പൊന്നോലിൽ(ന്യൂയോർക്ക്), മേഴ്സി തോമസ്(യു.കെ), രാജു പൊന്നോലിൽ(വിവിധ മലയാളി പെന്തക്കോസ്ത് കോൺഫറൻസുകളുടെ മുൻ ദേശീയ ഭാരവാഹി, ഒർലാന്റോ ഐ. പി.സി. സഭാ സെക്രട്ടറി) മരുമക്കൾ: ആലീസ് എബ്രഹാം, മേഴ്സി സാം, അക്കാമ്മ ജെയിംസ്, വത്സമ്മ ബാബു, മറിയാമ്മ എബ്രഹാം, റെജി തോമസ്, സിബി എബ്രഹാം.



### മാത്യു ജേക്കബ് (തമ്പി-68)

**ഡാളസ്:** കോത്തല, പാമ്പാടി ആനക്കല്ലുങ്കൽ വീട്ടിൽ പരേതരായ പി. സി. മാത്യു, ഏലിയാമ്മ മാത്യു ദമ്പതികളുടെ മകൻ ജേക്കബ് (തമ്പി) ഡാളസിൽ വെച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ജെയ്നി ഫൂണറൽ ഹോം, 811 സൗത്ത് കോക്കറെൽ ഹിൽ റോഡ്, ഡൺകൻ വിൽ 75137 വച്ചും നടത്തി.

ഭാര്യ: ഏലിക്കുട്ടി ജേക്കബ്. മക്കൾ: റ്റോമി ജേക്കബ്, റ്റീനാ ജേക്കബ്. കൊച്ചുമക്കൾ: ഈത്തൻ, ബീല, ഗാബി. സഹോദരങ്ങൾ: ലീലാമ്മ, തങ്കമ്മ, അച്ചൻകുഞ്ഞ്, അന്നാമ്മ, തോമസ്, വർഗീസ്

### ഗോപി (ജോയി -56)



**കാട്ടാക്കട:** കള്ളിക്കാട് അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിലെ പാസ്റ്ററും പൂവച്ചൽ പൊന്നെടുത്തകുഴി എബി ഭവനിൽ ഗോപി (ജോയി 56) വാഹനാപകടത്തിൽ നിത്യതയിൽ പ്രവേശിച്ചു. കുടുംബമായി താൻ സഞ്ചരിച്ച സ്കൂട്ടറിൽ അമിതവേഗത്തിൽ വന്ന ടിപ്പർലോറി ഇടിച്ചാണ് മരണം സംഭവിച്ചത്.

ഭാര്യ: എസ്തേർ, മക്കൾ: ജോബിൻ, ജിജി, ജെസി. മരുമക്കൾ: സീന. ഫിലിപ്പ് കാട്ടാകട. സംസ്കാരം നടത്തി.



### പാസ്റ്റർ സി. കൃഷ്ണൻ (74)

**വെള്ളറട:** കാട്ടാക്കട കട്ടക്കാൽ വീട്ടംഗം പാസ്റ്റർ സി. കൃഷ്ണൻ 74 നിത്യതയിൽ. സംസ്കാരം നടത്തി. പാസ്റ്റർ ജേക്കബ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഭാര്യ: മേഴ്സി, മക്കൾ: പാസ്റ്റർ യോഹന്നാൻ, മറിയ. മരുമക്കൾ: മേബൽ തങ്കം, കമലഹാസനൻ.

## കവിത



ബേസിൽ വർഗീസ്

# രക്ഷകൻ

ക്രൂശതിൽ തൂങ്ങിടുമേശുവിൻ പൊൻമുഖം-
കൺകളുയർത്തി നീ കണ്ടിടേണം...
മാനവപാപങ്ങളെല്ലാം വഹിച്ചേശു-
നീചമരണത്തെയേറ്റതു കാണേണം...
രക്ഷകനേശുവാണേകനാം ദൈവമെ-
ന്നുള്ളിൽ വരിക്കുകിൽ രക്ഷ നേടാം...

ന്യായ വിസ്താരങ്ങളേറെ നടന്നിട്ടും-
കുറ്റങ്ങളൊന്നുമേ കണ്ടതില്ലേശുവിൽ...
"ഇല്ലൊരു കുറ്റവും ഇവനിലില്ലെ"ന്നുള്ള-
വാക്കുകൾ ജൂതരോ കേട്ടതില്ല....
"ക്രൂശിക്ക" വേണമാർത്തിടും ജൂതരിൻ-
പ്രീതിയെപ്പേർത്തവരോർത്തില്ലേശുവെ...

ശത്രുവായ് ദൂരത്തിരുന്നതാം പാപിയെ-
യുറ്റുസ്നേഹിച്ചേശു രക്തം ചിന്തി...
ക്രൂശിലെ തീവ്രമാം വേദനയോർക്കാതെ-
നിന്ദിച്ച ലോകത്തിൻ പാപങ്ങളോർക്കാതെ-
യിരുകള്ളർ നടുവിലായ് തൂങ്ങിടുന്നേരവു-
മോർത്തതോ മർത്ത്യന്റെ രക്ഷ മാത്രം.......

നീ ചെയ്ത പാപത്തിൻ ശിക്ഷയാണേശുവിൻ-
ക്രൂശു മരണമെന്നോർത്തീടുമോ???
ലോകത്തിൻ പാപവും, ശാപവും, രോഗവും
സ്വയമേവയേറ്റു മരിച്ചതാമേശുവെ-
പ്പോലില്ല ദൈവങ്ങളിപ്പാരിൽ വേറെ-
യെന്നോർക്കണം, രക്ഷകനേശു മാത്രം

രക്ഷക്കു മാർഗ്ഗമോയേകമാണെന്നുള്ള-
സത്യത്തെയിന്നു നീ ഓർത്തിടേണം...
മർത്ത്യനോടൊത്തുവസിക്കുവാനേശുവോ-
നില്ക്കുന്നു, ഹൃദയത്തിൻ വാതിലിനപ്പുറം...
പാപം വെറുത്തു നീ സ്വീകരിച്ചേശുവിൻ-
കൂടെ വസിക്കുകിൽ ആനന്ദമേ...


# FOCUS INDIA THEOLOGICAL COLLEGE

P.B.No.14, V.K.Road, Nilambur P.O., Malappuram Dt., Kerala - 679329

Associate Member of Asia Theological Association (ATA)

COURSES

| # | Courses | Duration | Medium | Qualification |
|---|---|---|---|---|
| 1 | B.Th.+B.A. | 3 Years | English | +2 pass |
| 2 | Dip.Th. | 2 Years | English | 10th pass |
| 3 | C.Th. | 1 Year | English | 10th pass |

Our Faculty

- Rev. Saji C. Jacob, BD., M.Th. (CM-Counselling), Principal
- Rev. Manoj V.G., M.Div., M.Th.(Missiology, Dean of Academics
- Rev. George Jose, M.Div. (Registrar)
- Rev. C.D. Thomas, M.Div., M.Th. (Christian Ministry)
- Rev. K.K. Varghese, M.A., B.D.
- Rev. Samkutty K.C., B.D.,M.Th.(Ethics)
- Rev. T.M.Devassia, M.A.,B.D.
- Evg. Abin Ealias, B.Th.,CTL (M.Div) (Librarian)
- Mr. Joy K., B.com
- Mrs. Omana Saji, B.com., DCA (Finance Manager)

Other Qualified & Well experienced Ministers take periodical module sessions

അടുത്ത അദ്ധ്യയന വർഷത്തെ ക്ലാസുകൾ 2017 മെയ് 22 ന് ആരംഭിക്കുന്നു...

B.Th.+B.A.

+2 പാസ്സായവർക്ക് വചന പഠനത്തോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ B.A. കരസ്ഥമാക്കാവുന്നതിനാൽ തിയോളജിയിൽ തുടർവിദ്യാഭ്യാസത്തിനു (BD or M.Div.) അവസരം ലഭിക്കുന്നു.

FOR MORE DETAILS & APPLICATION FORM, CONTACT :
The Registrar
FOCUS INDIA THEOLOGICAL COLLEGE
P.B. No. 14, V.K. Road, Nilambur P.O., Malappuram Dist., Kerala, South India, PIN 679 329.
Contact: 09447681772 (Principal)
09496170811 (Dean) , 09847263308 (Registrar)



## വൈവാഹികം

പെന്തെക്കോസ്ത് യുവതി 24 വയസ്, 5'3" ഉയരം, ഇരുനിറം. BDS. 1 വർഷമായി ജോലി ചെയ്യുന്നു. ഇതേ പ്രൊഫഷനിൽ ജോലിചെയ്യുന്നതും അനുയോജ്യമായതുമായ വിവാഹാ ലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 7034936898


## 01 ദക്ഷിണ സുഡാൻ തകർച്ച....

ത്തെ കൃഷിയെ സാരമായി ബാധിച്ചു. ലോക സഭാ കൗൺസിലിന്റെ ഭാഗമായ സുഡാൻ പെന്തക്കോസ്ത് സഭ ദക്ഷിണ സുഡാനിൽ സമാധാന പ്രവർത്തനങ്ങൾക്കും, ക്ഷാമനിവാരണത്തിനും ശ്രമിക്കുന്നു.

വിവിധ ഗോത്രങ്ങൾക്കിടയിൽ ഐക്യം കാത്ത് സൂക്ഷിക്കാൻ സഭകൾ ശ്രമിക്കുന്നു എന്ന് ദക്ഷിണ സുഡാനിലെ സഭാ കൗൺസിൽ അവകാശപ്പെടുന്നു. എന്നാൽ സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്നവരെയും കലാപകാരികൾ വെറുതെ വിടുന്നില്ല. കഴിഞ്ഞ മാർച്ച് 25 -ാം തീയതി ആറ് പ്രവർത്തകരെ കലാപകാരികൾ വധിച്ചു. ഈ രാജ്യത്തെ ജനങ്ങൾക്ക് യുദ്ധത്തിന്റെ കഥകൾ മാത്രമെ പറയാനുള്ളു. 1955 മുതൽ യുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കുന്ന ഈ പ്രദേശത്ത് സ്വാന്ത്ര്യത്തിനു ശേഷവും ആക്രമണത്തിനും രക്തചൊരിച്ചിലിനും കുറവില്ല. ഭീകരമായ ഭക്ഷ്യപ്രതിസന്ധിയിലേക്ക് നീങ്ങുന്ന ദക്ഷിണ സുഡാനെ സഹായിക്കാൻ ലോക രാജ്യങ്ങൾ മുന്നിട്ടിറങ്ങിയില്ലെങ്കിൽ സൊമാലിയക്കാളും ഭീകരമായ അവസ്ഥയായിരിക്കും ഈ പുതിയ രാജ്യത്തിൽ ഭവിക്കാൻ പോകുന്നത്.

## ഭാരവാഹികളെ തിരഞ്ഞെടുത്തു





**കുന്നംകുളം:** 1982-ാമാണ്ട് കുന്നംകുളത്ത് പ്രവർത്തനം ആരംഭിച്ച പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് കുന്നംകുളം ചാപ്റ്ററിന്റെ 36-ാമത് വാർഷിക ജനറൽ ബോഡി 26-02-2017ന് കുന്നംകുളം ലിവാ ടവറിൽ വെച്ച് നടത്തപ്പെട്ടു. യു. പി. എഫ് കേരളാ സ്റ്റേറ്റ് ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺ ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് താഴെ പറയുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാൻ പാസ്റ്റർ എം. ജി. ഇമ്മാനുവേൽ, പ്രസിഡന്റ് പാസ്റ്റർ ബെന്നി ജോസഫ്, വൈസ് പ്രസിഡന്റുമാർ പാസ്റ്റർ കെ. എം. ജോൺസൺ, പാസ്റ്റർ എ. വി. ജോസ്, ജനറൽ സെക്രട്ടറി പാസ്റ്റർ രാജു കെ. റ്റി., ജോയിന്റ് സെക്രട്ടറി പാസ്റ്റർ അനിൽ തിമോത്തി, ട്രഷറാർ ബ്രദർ കെ. ജി. ജോയ്, കോഡിനേറ്റർ ബ്രദർ സി. ജെ. അബ്രഹാം, ലിറ്റ: സെക്രട്ടറി ബ്രദർ റോയ് പി. ജെ., പ്രയർ കൺവീനർ പാസ്റ്റർ ടി. പി. ജോസ്, പബ്ലി. കൺവീനർ ബ്രദർ സൈമൺ കെ. വി., അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ഡോ. സാജൻ സി. ജേക്കബ്, മിഷൻ കൺവീനർ: പാസ്റ്റർ കെ. എ. ഡേവീസ്, മിഷൻ സെക്രട്ടറി പാസ്റ്റർ സി. സി. ജോൺ, വോളന്റിയർ ബ്രദർ കെ. ഐ. തമ്പി, ജോയിന്റ് വോളന്റിയർ പി. റ്റി. ജോസ്, വിജിലൻസ് പാസ്റ്റർ രാഹുൽ കുമാർ ഡീഗൽ എന്നിവരെ തിരഞ്ഞെടുത്തു.

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 07

BELIEVERS JOURNAL

PUBLISHED ON 10/04/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"


# ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ
State Treasurer-Counselling Dept.
Church of God
Director - Bethel Prayer Ministry
E-mail: vijucgi@gmail.com

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

# കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

**Distributers in Wholesale & Retail**

**DISTRIBUTERS IN:** സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

# ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902


Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.